# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23
No.3
കാർത്തികപ്പള്ളി
R.No. 7361/02
2023 MARCH

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ഡോംസ്പേസ്



മണിക്കൂറിൽ 280 കിലോമീറ്റർ വേഗത്തിൽ വീശുന്ന കൊടുങ്കാറ്റിനെയും റിക്ടർ സ്കെയിലിൽ എട്ടുപോയിന്റുവരെയുള്ള ഭൂകമ്പത്തെയും പ്രതിരോധിക്കുന്ന മരത്തിൽ തീർത്ത ഒരു വീടിനെക്കുറിച്ചു സങ്കൽപ്പിക്കാമോ... തീർച്ചയായും. ദക്ഷിണ പടിഞ്ഞാറൻ ഫ്രാൻസിലെ ഗാരോൺ നദിയുടെ തീരത്തുള്ള ബോർഡ് നഗരത്തിലാണ് ഇത്തരത്തിൽ കറങ്ങുന്ന മരവീടുകളുള്ളത്. ഇതുപോലെയുള്ള വീടുകളുടെ ഒരു പ്രദർശനം ഈയിടെ ബോർഡ്യൂവിൽ നടന്നത് ഒട്ടേറെപ്പേരെ ആകർഷിച്ചു. അന്യഗ്രഹജീവികളുടെ വാഹനമായ പറക്കുംതളിക പോലെ വീട് തോന്നിക്കും. ഭൂകമ്പമുണ്ടാകുമ്പോൾ അബ്സോർബർ ഘടിപ്പിച്ച കുഷ്യൻ പോലെയാണ് ഡോംസ്പേസ് പെരുമാറുന്നത്. വീടിനുള്ളിലെ ചിമ്മിനിയിൽ നിന്നുള്ള തീ ആളിക്കത്തിയാലും അതു പടർന്നുപിടിക്കുകയോ വീടിനെ വിഴുങ്ങുകയോ ചെയ്യില്ല. ഇക്കാര്യം അമേരിക്കൻ ടിംബർ കൺസ്ട്രക്ഷൻ ഇൻസ്റ്റിറ്റ്യൂട്ടും സമ്മതിച്ചു കഴിഞ്ഞു

# സമ്പന്നർ കുതിക്കുന്നു, ജനം കിതയ്ക്കുന്നു

രാജ്യത്ത് സമ്പന്നരുടെ എണ്ണം വർധിക്കുന്നു. അതേസമയം ദരിദ്രർ കൂടുതൽ ദരിദ്രരായിത്തീരുന്നു. ഈ അസമത്വം രാഷ്ട്രശില്പികൾ വിഭാവനം ചെയ്ത വികസനത്തിനു വിരുദ്ധമാണ്. സമ്മിശ്ര സമ്പദ്‌വ്യസ്ഥയും സോഷ്യലിസ്റ്റ് ജനാധിപത്യവും ഉയർത്തിപ്പിടിച്ച രാജ്യം, സാമ്പത്തികമായ അസമത്വം കുറഞ്ഞുവരുന്നതും സാമൂഹ്യസമത്വം നിലവിൽ വരുന്നതും സ്വപ്നം കണ്ടിരുന്നു. എന്നാൽ ആ വഴിക്കൊന്നുമല്ല ആധുനിക ഇന്ത്യ നീങ്ങുന്നത്. കാലത്തിനനുസരിച്ച്, ലോക സാമ്പത്തികക്രമത്തിനു യോജിച്ച വിധത്തിൽ നീങ്ങാൻ വിട്ടുവീഴ്ചകൾ ആവശ്യമായിരിക്കാം. പക്ഷേ, ഭരണാധികാരികൾ യാഥാർഥ്യങ്ങൾക്കു നേരേ കണ്ണടച്ച്, ജനങ്ങളുടെ യഥാർഥ അവസ്ഥ മനസിലാക്കാതെ, ലോകരാജ്യങ്ങളോടൊപ്പം ഓടാൻ ശ്രമിച്ചാൽ ലക്ഷ്യസ്ഥാനത്തെത്തുകയില്ല.

ജനങ്ങളുടെ സ്ഥിതി കുറെയെങ്കിലും മനസിലാകണമെങ്കിൽ ഗ്രാമങ്ങളിലേക്കും ചേരികളിലേക്കും പോകണം. അവിടുത്തെ ജനങ്ങളുടെ സ്ഥിതി പണ്ടത്തേതിനേക്കാൾ കഷ്ടമാണ്. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല. നല്ലൊരു ഭാഗം കൃഷിക്കാർക്കു ജീവിക്കാൻ നിർവാഹമില്ല. കർഷക ആത്മഹത്യകൾ കുറയുന്നില്ല, കൂടുകയാണ്.

"ഇന്ത്യയിലെ സാമ്പത്തിക അസമത്വം, ബ്രിട്ടീഷ് ഭരണം മുതൽ കോടീശ്വര ഭരണംവരെ എന്ന പേരിൽ പ്രശസ്ത ധനശാസ്ത്രജ്ഞരായ ലൂക്കാസ് ചാൻസലിന്റെയും തോമസ് പിക്കറ്റിയുടെയും നേതൃത്വത്തിൽ നടന്ന പഠനത്തിന്റെ റിപ്പോർട്ട് ഈ അസമത്വത്തിന്റെ നാനാവശങ്ങൾ തുറന്നുകാട്ടുന്നുണ്ട്. സാമ്പത്തിക അസമത്വത്തിന്റെ കാര്യത്തിൽ ലോകത്തു രണ്ടാംസ്ഥാനത്താണത്രേ ഇന്ത്യ. രാജ്യത്തെ മൊത്തം സമ്പത്തിന്റെ 58.4 ശതമാനം കൈവശം വച്ചിരിക്കുന്നതു കേവലം ഒരു ശതമാനം അതിസമ്പന്നർ. രാജ്യത്തെ ആകെ സമ്പത്തിന്റെ 80 ശതമാനം കൈവശം വച്ചിരിക്കുന്നത് പത്തു ശതമാനം ആളുകളാണ്.




രാജ്യത്തിന്റെ വളർച്ചയുടെ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞുവരുന്നതു ജനാധിപത്യത്തിന് അപകടകരമാണ്. രാജ്യത്തിന്റെ കരുത്തായിരുന്ന പൊതുമേഖല അനുദിനം ദുർബലമാകുന്നു. പകരം കോർപറേറ്റുകൾ ശക്തിപ്പെടുന്നു. കോർപറേറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണു ഭരണകർത്താക്കളും രാഷ്ട്രീയ കക്ഷികളും പൊതുവേ സ്വീകരിച്ചുപോരുന്നത്. ജനകീയത പ്രസംഗിക്കുന്നവർപോലും കോർപറേറ്റുകളുമായി ബാന്ധവമുണ്ടാക്കുന്നു.

2017ൽ ഇന്ത്യയിലുണ്ടായ സമ്പത്തിന്റെ 73 ശതമാനവും ഒരു ശതമാനം അതിസമ്പന്നരിലേക്കാണ് എത്തിയതെന്നാണ് ഓക്സ്ഫാം ഇന്ത്യ ഈ വർഷമാദ്യം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നത്. അതിസമ്പന്നരുടെ സമ്പത്തിലുണ്ടായ വർധന ഇന്ത്യയുടെ ബജറ്റിനു തുല്യമായ തുകയാണ്. അതിസമ്പന്നരുടെ വരുമാനം ക്രമാതീതമായി ഉയരുമ്പോൾ തൊഴിലാളികളുടെ വേതനവർധന രണ്ടു ശതമാനത്തിൽ താഴെ മാത്രം.

രാജ്യത്തെ സാമ്പത്തിക അസമത്വം വർധിക്കാൻ തുടങ്ങിയിട്ടു രണ്ടുമൂന്നു ദശകങ്ങളായി. ഉദാരവത്കരണവും നവസാമ്പത്തിക നയങ്ങളുമൊക്കെ ഇതിനു കാരണമായിട്ടുണ്ടാവാം. പക്ഷേ, മഹാഭൂരിപക്ഷം വരുന്ന ദരിദ്ര ജനവിഭാഗത്തിനുവേണ്ടിയുള്ള നയങ്ങളും പരിപാടികളും നടപ്പാക്കുക എന്നതാണു ജനങ്ങൾ തെരഞ്ഞെടുക്കുന്ന സർക്കാരിന്റെ ദൗത്യം. സർക്കാർ അതു മറന്നു കോർപറേറ്റുകൾക്കും അതിസമ്പന്നർക്കും കുടപിടിക്കുന്നതാണു നാം ഇന്നു കാണുന്നത്. പൊതുമേഖലയ്ക്കും സർക്കാരിനും പ്രാമുഖ്യമുള്ള മിശ്ര സമ്പദ്‌വ്യവസ്ഥയിൽ നിന്നു കമ്പോള സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റമാണ് ഈ കൊടിയ അസമത്വത്തിനു വഴിയൊരുക്കിയതെന്നു വേൾഡ് ഇക്വിറ്റി ലാബിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്.

## ഇസ്രായേലിലെ ചീപ്പ്

ഇസ്രായേലിൽ ഒരു ചീപ്പ് കണ്ടെത്തിയിരിക്കുന്നു. ഇതിലെന്ത് പുതുമ എന്നല്ലേ, പഴക്കമാണ് ചീപ്പിനെ താരമാക്കിയിരിക്കു



ന്നത്. ഏകദേശം 3,700 വർഷം മുൻപ് ആനക്കൊമ്പിൽ തീർത്തതാണ് ചീപ്പ് എന്നാണ് വിലയിരുത്തൽ. ഇസ്രായേലിലെ ടെൽ ലാഖിഷിൽ നടത്തിയ ഖനനത്തിലാണ് ബിസി 1700-ൽ നിർമിച്ചതെന്നു കരുതുന്ന ചീപ്പ് കണ്ടെടുത്തത്.

ചീപ്പിലെ ലിഖിതങ്ങളാണ് മറ്റൊരു പുതുമ. ഇത് തലമുടിയിലെയും താടിയിലെയും പേനുകളെ വേരോടെ പിഴുതെറിയട്ടെ എന്ന ആശംസ ചീപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇസ്രായേലിലെ ആദിവാസികളായ കനാന്യരുടെ കനാന്യഭാഷയിലാണ് ഇത് കുറിച്ചിരിക്കുന്നത്. അന്നാട്ടിൽ ഈ ഭാഷയിൽ എഴുതപ്പെട്ട ആദ്യ ലിഖിതമായി ഇതു വിലയിരുത്തപ്പെടുന്നു.

ആനക്കൊമ്പിൽ തീർത്ത ചീപ്പിന് 2.5-3.5 സെന്റീമീറ്റർ മാത്രമാണ് വലിപ്പം. ചീപ്പിന് ഇരുവശത്തും പല്ലുകളുണ്ട്. മധ്യഭാഗം നശിച്ചനിലയിലാണ്. ചീപ്പിൽ 17 കനാന്യ അക്ഷരങ്ങളുണ്ട്. ഇസ്രായേലിൽ കനാന്യ ഭാഷയിൽ കണ്ടെത്തിയ ആദ്യത്തെ വാക്യമാണിത്. സിറിയയിലെ ഉഗാരിറ്റിൽ കനാന്യർ ഉണ്ട്, പക്ഷെ അവർ എഴുതുന്നത് മറ്റൊരു ലിപിയിലാണ്. അത് ഇന്ന് ഉപയോഗിക്കുന്ന അക്ഷരമാലയല്ല. 3,700 വർഷങ്ങൾക്ക് മുമ്പ് ദൈനംദിന കാര്യങ്ങളിൽ അക്ഷരമാല ഉപയോഗിച്ചതിന്റെ പ്രധാന തെളിവു കൂടിയാണ് ചീപ്പിലെ ലിഖിതം. മനുഷ്യന്റെ എഴുതാനുള്ള കഴിവിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണിതെന്നു ഗവേഷകർ വിലയിരുത്തുന്നു.

മരം, എല്ല്, ആനക്കൊമ്പ് എന്നിവയിൽ നിന്നാണ് പുരാതനകാലത്തു ചീപ്പുകൾ നിർമിച്ചിരുന്നത്. അക്കാലത്തു ചീപ്പ് വളരെ ചെലവേറിയതും ഇറക്കുമതി ചെയ്ത ആഡംബര വസ്തുവും ആയിരുന്നു. ചീപ്പ് കണ്ടെത്തിയ പ്രദേശത്ത് അക്കാലത്ത് ആനകൾ ഇല്ലാതിരുന്നതിനാൽ ആനക്കൊമ്പ് സമീപ രാജ്യമായ ഈജിപ്തിൽ നിന്നാണ് വന്നിരുന്നത്. ഖനനം നടന്ന ലാഖിഷ് എന്ന പ്രദേശം ഇപ്പോൾ ഇസ്രായേൽ നേച്ചർ ആൻഡ് പാർക്ക് അതോറിറ്റിയുടെ കീഴിൽ ദേശീയോദ്യാനമാണ്

## ആനയേക്കാൾ ഹെവി

2.47 മീറ്റർ ഉയരം 3.5 ടൺ ഭാരം (ഏഷ്യൻ ആനകളിലെ പിടിയാനകളേക്കാൾ ഹെവി). ലോകത്തിലെ ഏറ്റവും വലിയ ടെലിഫോൺ എന്ന ഗിന്നസ് റെക്കോർഡ് നേടിയ ഒരു ഫോണിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്. 1988-ൽ നെതർലൻഡ്സിലെ ഒരു ഇൻഷുറൻസ് കമ്പനിയുടെ 80-ാം വാർഷികത്തോട് അനുബന്ധിച്ചാണ് ഇത് നിർമ്മിച്ചത്. 7.14 മീറ്റർ നീളമുള്ള ഇതിന്റെ റിസീവർ എടുത്ത് ഫോൺ ചെയ്യാൻ ക്രെയിൻ വേണ്ടിവരും.



# സൂപ്പർ സ്മാർട്ട് ചാറ്റ് ബോട്ട്




ആളുകളുമായി ആശയവിനിമയം നടത്തി അവരുടെ ചോദ്യങ്ങൾക്കു മറുപടി നൽകാൻ കഴിയുന്ന കംപ്യൂട്ടർ പ്രോഗ്രാമുകളാണ് 'ചാറ്റ്ബോട്ടുകൾ'.

കഥയും കവിതയുമൊക്കെ എഴുതാൻ ആവശ്യപ്പെട്ടാൽ സെക്കന്റുകൾക്കുള്ളിൽ എഴുതിത്തരും! കണക്ക് ചെയ്യാൻ പറഞ്ഞാൽ കൂളായി ചെയ്തുകാണിക്കും. വെറുതേ ഉത്തരം മാത്രം പറയുകയല്ല, വിശദീകരിച്ചും തരും. ഏതു സംശയവും തീർത്തുതരും. എത്രനേരം വേണമെങ്കിലും സംസാരിച്ചിരിക്കുകയും ചെയ്യാം അതാണ് ചാറ്റ് ജി.പി.ടി (ChatGPT) എന്ന പുതുപുത്തൻ ചാറ്റ് ബോട്ട്. ലോകത്തുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും നല്ല അറിവാണ് ചാറ്റ്ജി.പി.ടി ക്ക്. ശരിക്കുമൊരു സൂപ്പർ സ്മാർട്ട് എൻസൈക്ലോപീഡിയ!

ആർട്ടിഫിഷൽ ഇന്റലിജൻസ് (AI) ഉപയോഗിച്ച് നിങ്ങളെന്താണ് പറയുന്നതെന്ന് മനസ്സിലാക്കാനും യുക്തിസഹമായ രീതിയിൽ പ്രതികരിക്കാനും ചാറ്റ് ജി.പി.ടി-ക്ക് കഴിയും!

"ചാറ്റ് ജി.പി.ടി.യുമായി ഒരു സംഭാഷണം ആരംഭിക്കാൻ, നിങ്ങളുടെ സന്ദേശം ഒരു ചാറ്റ് വിൻഡോയിൽ ടൈപ്പ് ചെയ്യുകയോ മൈക്രോഫോണിലൂടെ സംസാരിക്കുകയോ ചെയ്യണം. ചാറ്റ് ജി.പി.ടി വളരെ സ്മാർട്ടാണ്. എന്നാൽ ഇതൊരു കംപ്യൂട്ടർ പ്രോഗ്രാം മാത്രമാണെന്നും ഒരു യഥാർഥ വ്യക്തിയുടേതുപോലുള്ള തോന്നലുകൾ ഇതിനില്ലെന്നും ഓർമ്മിക്കണം.

അതുപോലെ ഒരു കാര്യം കൂടി ശ്രദ്ധിക്കുക. ചോദ്യങ്ങൾ കഴിവതും ലളിതമാക്കി ചാറ്റ്ജി.പി.ടി-യുമായി രസകരമായി ചാറ്റ് ചെയ്യുക. മോശപ്പെട്ട വാക്കുകളോ സങ്കീർണമായ പദങ്ങളോ ഉപയോഗിക്കുകയാണെങ്കിൽ നിങ്ങൾ പറയുന്നത് ചാറ്റ് ജി.പി.ടി-ക്ക് മനസ്സിലായെന്നു വരില്ല."


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# അകലം വിട്ട്



**ബി**ല്ലിഗ്രഹാമിന്റെ ജീവചരിത്രമെഴുതിയ ജോൺ പൊള്ളോക്ക്, ലണ്ടനിൽ ഒരു ക്രൂസേഡിൽ നടന്ന രസകരമായ ഒരു സംഭവം വിവരിക്കുന്നുണ്ട്. പ്രസംഗം കഴിഞ്ഞ് ക്രിസ്തുവിനായി ജീവിതം സമർപ്പിക്കാൻ തയ്യാറുള്ളവരെ ഗ്രഹാം മുന്നോട്ടു ക്ഷണിച്ചു. അടുത്തടുത്തിരുന്ന രണ്ടു പേർ അതുകേട്ട് മുന്നോട്ടു നടന്നു പോകുകയാണ്. അവരിൽ ഒരാൾ കുപ്രസിദ്ധനായ ഒരു പോക്കറ്റടിക്കാരനായിരുന്നു. നടക്കുന്നതിനിടയിൽ അയാൾ ഒരു പഴ്സെടുത്ത് മറ്റേയാൾക്കു നീട്ടിക്കൊണ്ടു പറയുകയാണ്: “അല്പം മുൻപ് നിങ്ങളുടെ കീശയിൽ നിന്നു ഞാൻ അപഹരിച്ച പഴ്സിതാ തിരികെത്തരുന്നു!” ഉടനടി ഫലം പുറപ്പെടുവിച്ച ഒരു മാനസാന്തരത്തിന്റെ കഥയാണിത്!

സക്കായിയും യേശുവിനെ കണ്ടുമുട്ടിയപ്പോൾ പ്രതികരിച്ചത് ഇങ്ങനെയായിരുന്നല്ലോ. “കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങ് മടക്കിക്കൊടുക്കുന്നു” (ലൂക്കോസ് 19:8). പക്ഷേ ഈ മട്ടിലുള്ള മാനസാന്തരങ്ങൾ ഇന്നെത്രയോ വിരളമാണ്!

യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുന്ന ഒരുവനെ അവിടുന്ന് എപ്പോഴും മൗലികമായ (Radical) നിലപാടുകളിലേക്കാണ് ക്ഷണിക്കുന്നത്. “വലങ്കണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക.... വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക” എന്നിങ്ങനെ. എന്നാൽ ഈ നിലയിൽ കാര്യങ്ങളെ ഗൗരവമായി കാണുന്നവരും ഒരു വില കൊടുക്കാൻ തയ്യാറുള്ളവരും ഇന്നു ക്രിസ്തീയലോകത്ത് എത്രപേരുണ്ട്?

വില്യം ബാർക്ലേ, മൗലികമായ മാനസാന്തരത്തിന്റെ മൂന്നു ലക്ഷണങ്ങൾ ഇങ്ങനെ വിവരിച്ചിട്ടുണ്ട്.

ഒന്നാമത്തെ ലക്ഷണം: കർത്താവിനായി ജീവിതം സമർപ്പിച്ചെന്ന് അവകാശപ്പെടുന്നവൻ തന്റെ കടങ്ങളെല്ലാം കൊടുത്തു വീട്ടുവാൻ തയ്യാറാകും. രണ്ടാമത്തെ ലക്ഷണം: തന്റെ വഴക്കുകളെല്ലാം പറഞ്ഞൊതുക്കി ക്ഷമ ചോദിച്ച് ബന്ധങ്ങളിൽ നിരപ്പു പ്രാപിക്കും.



യോഹന്നാൻ അപ്പോസ്തലൻ ഇക്കാര്യം തുറന്നടിച്ചു പറഞ്ഞിട്ടുണ്ട് “ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു” (1 യോഹ. 4:20). യേശുവിന്റെ ഉപദേശങ്ങൾ എത്രയും വ്യക്തമാണ്-ക്ഷമിച്ചിട്ടില്ലാത്ത ഒരുവന് ക്ഷമ കിട്ടുകയില്ല. (മത്തായി 6:14,15; 18:23-25).

മൂന്നാമത്തെ ലക്ഷണം: അവൻ തന്റെ സ്വാർത്ഥതയും അലസതയും വെടിഞ്ഞ് കൂടുതൽ മെച്ചപ്പെട്ട ഒരു ജോലിക്കാരനായി തീരും. എത്രയും കുറച്ചു ചെയ്യുകയും കൂടുതൽ ആവശ്യപ്പെടുകയും ചെയ്യുന്നത് സ്വാഭാവിക മനുഷ്യന്റെ രീതിയാണ്. പ്രവൃത്തികൊണ്ടല്ല ഒരുവൻ രക്ഷിക്കപ്പെടുന്നത്. പക്ഷേ രക്ഷിക്കപ്പെട്ട ഒരുവന് പ്രവൃത്തികൾ ആവശ്യമാണ്.

യഥാർത്ഥമായി മാനസാന്തരപ്പെട്ട ഒരുവൻ മെച്ചപ്പെട്ട ഒരു വ്യക്തിയും പൗരനും ജോലിക്കാരനുമായി മാറുന്നില്ലെങ്കിൽ എന്താണു കാരണം? കാരണം വളരെ അടിസ്ഥാനപരമാണ് ഇന്ന് ‘മനുഷ്യനിൽ കേന്ദ്രീകരിച്ചുള്ള ഒരു സുവിശേഷമാണ് വ്യാപകമായി പ്രഘോഷിക്കപ്പെടുന്നത്. ഫലം “ഞാൻ ദൈവത്തിനുവേണ്ടി” എന്ന ശരിയായ മനോഭാവത്തിനു പകരം “ദൈവം എനിക്കു വേണ്ടി” എന്ന നിലപാടോടെയാണ് പലരും ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത്. അതുകൊണ്ടാണ് ആഴം കുറഞ്ഞ പ്രതിബദ്ധതയും ഉപരിപ്ലവങ്ങളായ ലക്ഷ്യങ്ങളും എതിർസാക്ഷ്യമാകുന്ന ജീവിതവുമായി വിശ്വാസികളിൽ പലരും ഇന്ന് സ്വത്വ പ്രതിസന്ധിയെ (Identity Crisis) നേരിടുന്നത്.

‘വന്ന് എന്നെ അനുഗമിക്കുക’ എന്ന് യേശു ആഹ്വാനം ചെയ്യുമ്പോൾ ‘അകലം വിട്ട് അനുഗമിക്കാനല്ല അവിടുന്നു നമ്മെ വിളിക്കുന്നത്. ക്രിസ്തീയ ജീവിതം യഥാർത്ഥത്തിൽ ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനവും തുടർന്ന് ഒരു ഇടുങ്ങിയ പാതയിലൂടെയുള്ള പ്രയാണവുമാണ്. നിതാന്തജാഗ്രതയാണ് ഇവിടെ വേണ്ടത്.

പത്രോസിന്റെ ജീവിതത്തിൽ ഇല്ലാതെ പോയത് അതാണ്. യേശുവിനെ മൂന്നുവട്ടം തള്ളിപ്പറയുന്ന പിന്മാറ്റത്തിലേക്ക് അവനെ നയിച്ച വീഴ്ചയുടെ പടികൾ ശ്രദ്ധിക്കുക. അരുമനാഥന്റെ മുന്നറിയിപ്പുണ്ടായിട്ടും ‘എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല’ എന്നു പറഞ്ഞ സ്വയാശ്രയത്തിലാണ് അതിന്റെ തുടക്കം. രണ്ടാമത് ‘പരീക്ഷയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ’ എന്ന കർത്താവിന്റെ നിർദ്ദേശവും അവൻ അവഗണിക്കുന്നു. വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടിയ പരുക്കൻ പെരുമാറ്റമാണ് മൂന്നാമത്തെ പാളിച്ച. (ഈ സംഭവം മതി, തന്നേയും അറസ്റ്റു ചെയ്യുവാൻ എന്നു പിന്നീടുണ്ടായ തിരിച്ചറിവാകാം തന്നെ മറ്റുള്ളവർ തിരിച്ചറിയുന്നതിനെ പത്രോസ് ഏറെ പേടിക്കാനുണ്ടായ കാരണം) നാലാമത്തെ പടി ‘അകലം വിട്ടനുഗമിച്ചതാണ്’ മഹാപുരോഹിതന്റെ ചേവകരോടൊപ്പം നടുമുറ്റത്തു താഴെ ഇരുന്നതാണ് വീഴ്ചയുടെ അടുത്ത പടി. തുടർന്ന് പതനം പൂർത്തിയാകുന്നു-പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു. പത്രോസിന്റെ അനുഭവം യേശുവിനെ അനുഗമിക്കുന്ന നമുക്ക് മുന്നറിയിപ്പാണ്. ഉവ്വ്, ഇടുക്കുവാതിലിലൂടെയുള്ള പ്രവേശനം; ഇടുങ്ങിയ വഴിയിലൂടെയുള്ള പ്രയാണം-ഇക്കാര്യത്തിൽ ഒത്തുതീർപ്പു പാടില്ല.



# കൊടുത്താൽ കിട്ടും മറക്കേണ്ട



**യേ**ശു തികച്ചും നീതിമാനാണെന്ന് യേശുവിനെ കുരിശുമരണത്തിനായി വിട്ടുകൊടുത്ത പീലാത്തോസിന് വ്യക്തമായും അറിയാമായിരുന്നു. വചനം ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: “എന്തെന്നാൽ അസൂയ നിമിത്തമാണ് പുരോഹിത പ്രമുഖന്മാർ അവനെ ഏല്പിച്ചുതന്നതെന്ന് അവന് അറിയാമായിരുന്നു” (മർക്കോസ് 15:10). അതുകൊണ്ടുതന്നെ വിചാരണയുടെ സമയത്ത് പീലാത്തോസ് യേശുവിനെ വിട്ടയക്കുവാൻ പരമാവധി പരിശ്രമിക്കുന്നുമുണ്ട്.

എന്നാൽ പുരോഹിത പ്രമുഖന്മാരും അവരാൽ പ്രേരിതരായ യഹൂദജനവും പീലാത്തോസിനോട് ആക്രോശിച്ചു. “അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക” എന്ന്. പിലാത്തോസ് അവസാനം അവരുടെ നിർബന്ധത്തിനു വഴങ്ങി യേശുവിനെ ക്രൂശിക്കുവാൻ വിട്ടുകൊടുത്തു. വിട്ടുകൊടുക്കുന്നതിനുമുമ്പ് അവൻ അവരുടെ മുമ്പിൽ വച്ച് തന്റെ കൈകൾ കഴുകി ഇപ്രകാരം പറഞ്ഞു: ‘ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. പുരോഹിത പ്രമുഖന്മാരും പരീശന്മാരും അവിടെ കൂടിയിരുന്ന യഹൂദജനവും ആക്രോശിച്ചു പറഞ്ഞു “അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും ആയിക്കൊള്ളട്ടെ. അവർ അവനെ കൊണ്ടുപോയി നിർദയം ക്രൂശിച്ചു.

**തലമുറകളുടെമേൽ വീണ രക്തം**

അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ ജറുസലേം നശിപ്പിക്കപ്പെട്ടു. ശിക്ഷാവിധിയുടെ നുകം സ്വമേധയാ ഏറ്റുവാങ്ങിയ യഹൂദന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും ചിതറിക്കപ്പെട്ടു. എത്തിയ ഇടങ്ങളിൽ അതികഠിനമായി ഞെരുക്കപ്പെട്ടു. കഷ്ടതയുടെ 19 നൂറ്റാണ്ടുകൾ പിന്നിട്ടു കഴിഞ്ഞപ്പോൾ അക്കാലഘട്ടത്തിലെ യഹൂദപണ്ഡിതന്മാർക്ക് തങ്ങളുടെ ചിതറിക്കപ്പെടലിന്റെയും കഷ്ടതയുടെയും കാരണങ്ങളെക്കുറിച്ച് വെളിവ് ലഭിച്ചു.

അവർ ന്യൂയോർക്കിൽ ഒന്നിച്ചുകൂടി ഏകകണ്ഠമായി ഇങ്ങനെ പ്രഖ്യാപിച്ചു. യേശുവിനെ വധിക്കുന്നതിനുവേണ്ടി അന്നത്തെ സെൻഹെദ്രീൻ സംഘം നടത്തിയ വിചാരണയും വിധിയും തികച്ചും അനീതിപരമായിരുന്നു. യേശുവിനെ ക്രൂശിൽ തറച്ചുകൊന്നത് വലിയ തെറ്റായിപ്പോയി. അതിനാൽ അന്ന് യേശുവിനെതിരെ പുറപ്പെടുവിച്ച വിധി ഞങ്ങൾ ദുർബലപ്പെടുത്തുന്നു. തങ്ങളുടെ മുൻഗാമികൾ ചെയ്ത തെറ്റിനെ അവർ തിരിച്ചറിയുകയും ഏറ്റുപറയുകയും ചെയ്തപ്പോൾ ദൈവം അവരോട് കരുണ കാണിച്ചു. ലോകത്തിന്റെ അതിർത്തികളിൽ നിന്നും സ്വദേശത്തേക്കു മടങ്ങിവരാൻ അനുവദിച്ചു. അങ്ങനെ 1948-ൽ വീണ്ടും ഇസ്രായേൽ രാഷ്ട്രം രൂപീകരിക്കപ്പെട്ടു. ലോകചരിത്രത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണ് അവിടെ അരങ്ങേറിയത്. 19 നൂറ്റാണ്ടുകളോളം ലോകത്തിന്റെ അതിർത്തികളോളം അരക്ഷിതരും പീഡിതരുമായി ചിതറിക്കഴിഞ്ഞിരുന്ന ഒരു ജനവിഭാഗം ഒരു നിർണായക നിമിഷത്തിൽ ഒത്തുചേർക്കപ്പെട്ട് ഒരു രാഷ്ട്രം രൂപീകരിക്കുക! ദൈവത്തിന്റെ മഹാകാരുണ്യമാണ് ഇവിടെ പ്രകടമായത്. “രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു; നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽ നിന്നും മറച്ചിരിക്കുന്നു” (യെശയ്യാ 59:1-2).

**ചിതറിക്കപ്പെടലിനുപിന്നിൽ**

ഇസ്രായേൽ ജനത്തിന് സംഭവിച്ച ചിതറിക്കപ്പെടലുകൾ പോലെയുള്ള കഠിനവും ഒരുപക്ഷേ ബീഭത്സവുമായ ചിതറിക്കലുകളും കഷ്ടതകളും നമ്മളും നമ്മളുൾപ്പെടുന്ന കുടുംബവും സമൂഹങ്ങളും പേറുന്നുണ്ടാവും. ഞങ്ങളിത്രയേറെ നിലവിളിച്ച് പ്രാർത്ഥിച്ചിട്ടും ഉപവാസങ്ങളെടുത്തിട്ടും ദൈവമെന്തേ നിശബ്ദനായിരിക്കുന്നു? ഇസ്രായേലിന്റെ മുൻ പറഞ്ഞ ചരിത്രം നമുക്ക് അതിന് ഉത്തരം നല്കുന്നുണ്ട്. തിരിച്ചറിയുകയും ഏറ്റുപറയുകയും പരിഹാരം ചെയ്യുകയും ചെയ്യാത്ത പാപങ്ങൾ! നമ്മെ പ്രതിസന്ധിയിൽ ആക്കും.

യേശുവിനെ കുരിശുമരണത്തിന് വിധിച്ചതും ക്രൂശിച്ചതും തങ്ങൾക്ക് ചെയ്യാവുന്നതിൽ വച്ച് ഏറ്റവും വലിയ നന്മയും ഏറ്റവും വലിയ ദൈവശുശ്രൂഷയും ആണെന്നാണ് പുരോഹിത പ്രമുഖന്മാർ കരുതിയത്. ജനം മുഴുവൻ വഴിതെറ്റിക്കപ്പെട്ട് നശിക്കുന്നതിനെക്കാൾ നല്ലത് പകരമായി ഒരുവൻ (യേശു) മരിക്കുന്നതാണ് എന്ന് പ്രധാന പുരോഹിതനും മറ്റു പുരോഹിതരും ആലോചിച്ചുറച്ചു. അതിൻപ്രകാരമാണ് യേശുവിനെ കുരിശിലേറ്റാനുള്ള ഗൂഢാലോചനകൾ നടന്നത്. എന്നാൽ നിഷ്കളങ്ക രക്തത്തെയാണ് തങ്ങൾ തൂക്കിലേറ്റിയതെന്ന് അവർ തിരിച്ചറിയാൻ 19 നൂറ്റാണ്ടുകൾ കഴിയേണ്ടിവന്നു.

ആ നാളുകളിൾ ചിതറിക്കപ്പെട്ടിടത്ത് അവർക്ക് നേരിടേണ്ടിവന്ന കഷ്ടതയാണ് യഥാർത്ഥത്തിൽ അവരുടെ കണ്ണു തുറപ്പിച്ചത്. ദൈവത്തോടും മനുഷ്യനോടും അവർ അതേറ്റുപറഞ്ഞു. സെൻഹെദ്രീൻ സംഘം നടത്തിയ തെറ്റായ വിധിയെ അവർ നിർവീര്യപ്പെടുത്തി. കർത്താവിന്റെ കരുണയ്ക്കായി നിലവിളിച്ചു. അപ്പോൾ രക്ഷയുടെ തുറമുഖത്തേക്ക് നങ്കൂരമടിക്കുവാൻ ദൈവമവരെ അനുവദിച്ചു.

**എത്തേണ്ടിടത്തെത്തിയപ്പോൾ**

തങ്ങളുടെ ദുർവിധിയുടെ യഥാർത്ഥ കാരണം കണ്ടെത്തുന്നതുവരെയുള്ള നീണ്ട കാലയളവിൽ മറ്റു പലതിനെക്കുറിച്ചും അവർ അനുതപിച്ചിട്ടുണ്ടാകാം. തുളസിക്കും ചതകുപ്പക്കും ദശാംശം കൊടുക്കുകയും യഥാർത്ഥമായ ദൈവനീതിയെ അവഗണിക്കുകയും ചെയ്തുകൊണ്ടുള്ള അവരുടെ അനുതാപ പ്രകടനങ്ങൾ വായുവിലുള്ള പ്രഹരങ്ങളായി അവശേഷിക്കുകയും അവർ തങ്ങളുടെ കഷ്ടതകളിൽതന്നെ തുടരുകയും ചെയ്തപ്പോൾ മഹാകാരുണ്യവാനായ ദൈവംതന്നെയാണ് അവരുടെ കഷ്ടതയുടെ കാരണങ്ങളെക്കുറിച്ചുള്ള ഉൾവെളിച്ചം നല്കി അവരെ രക്ഷപ്പെടുത്തിയത്. കാലങ്ങൾക്കുമുമ്പ് നാം നടത്തിയ നിർദയവും തികച്ചും അനീതിപരവുമായ വിധികളും പ്രവൃത്തികളും ഇന്നും നമുക്കു ചുറ്റും കഷ്ടതയുടെയും അസമാധാനത്തിന്റെയും കാരണങ്ങളായി നിലകൊള്ളുന്നുണ്ടാകാം. തിരിച്ചറിയാനും തിരുത്തുവാനും അതേറ്റുപറയാനും നാം തയാറാകുന്നുവെങ്കിൽ ഇസ്രായേൽ ജനത്തെ തിരിച്ചു നടത്തിയ അവിടുന്നു നമ്മെ രക്ഷയുടെ തുറമുഖത്തെത്തിക്കും. അതെ നിശ്ചയമായും രക്ഷ വിദൂരത്തല്ല!




# ആട്ടിടയനും പന്നിയും



**ഒ**രിക്കൽ ഒരു ആട്ടിടയൻ ആട്ടിൻ പറ്റത്തെ മേയാൻ വിട്ടിട്ട് വിശ്രമിക്കുകയായിരുന്നു. അപ്പോഴാണ് തടിച്ചു കൊഴുത്ത ഒരു പന്നിയെ അയാൾ കണ്ടത്. ആട്ടിടയൻ പതിയെ പിന്നാലെ ചെന്ന് അതിനെ പിടികൂടി. പൊടുന്നനെ പന്നി നിലവിളിക്കാനും ആട്ടിടയന്റെ പിടിയിൽ നിന്ന് കുതറിമാറാനും തുടങ്ങി. പക്ഷേ, എത്ര ശ്രമിച്ചിട്ടും അതിന് കഴിഞ്ഞുമില്ല. ഇതിനിടെ ആട്ടിടയൻ കയറുകൊണ്ട് പന്നിയുടെ കൈയും കാലും വരിഞ്ഞു കെട്ടി. എന്നിട്ട് തോളിലിട്ട് മുന്നോട്ടു നടന്നു. അപ്പോഴും പന്നി നിലവിളിച്ച് കരയുകയും കുതറുകയുമൊക്കെ ചെയ്തുകൊണ്ടിരുന്നു.

ഇതെല്ലാം ആട്ടിൻപറ്റത്തിലുള്ള ഒരു ആട് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആടിന് ഇതു കണ്ടപ്പോൾ വലിയ അതിശയം തോന്നി. അവൻ പിന്നാലെ ചെന്നിട്ട് പന്നിയോട് ചോദിച്ചു: "നീയെന്തിനാ ഇങ്ങനെ നിലവിളിക്കുന്നത്? യജമാനൻ നിന്നെ പിടികൂടിയെന്നല്ലേ ഉള്ളൂ. അതുകൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഞങ്ങളേയും ഇതുപോലെ ദിവസവും വൈകുന്നേരം പിടികൂടിക്കൊണ്ടു പോകാറുണ്ട്. പക്ഷേ, ഞങ്ങളാരും ഇതുപോലെ നിലവിളിക്കാറില്ല. നിന്റെ ഈ നിലവിളി കേട്ടിട്ട് എനിക്ക് നാണക്കേട് തോന്നുന്നു. ദയവുചെയ്ത് ഒന്നു നിർത്ത്."

ഇതുകേട്ട് ദേഷ്യത്തോടെ പന്നി ആടിനു നേരേ പൊട്ടിത്തെറിച്ചു: "ഛീ നിർത്തെടാ നിന്റെ ഉപദേശം. ആട്ടിടയൻ പിടിക്കുമ്പോൾ നിനക്ക് വിഷമിക്കേണ്ട കാര്യമില്ല. കാരണം, അയാൾ നിന്നെ വളർത്തുന്നത് പാലിനും രോമത്തിനും വേണ്ടിയാണ്. പക്ഷേ, എന്റെ കാര്യം അങ്ങനല്ല. അയാൾക്ക് എന്റെ മാംസം മതി. അതിനായി അയാൾ എന്നെ അറവുകാരന്റെ അടുത്തേക്കാണ് കൊണ്ടുപോവുന്നത്. അതുകൊണ്ടാണ് ഞാൻ നിലവിളിക്കുന്നത്. കാര്യമറിയാതെ ചുമ്മാതെ ആർക്കും ഉപദേശിക്കാം. ഒരാളുടെ പ്രവൃത്തി എല്ലാവർക്കും ഒരുപോലെയല്ല ബാധിക്കുന്നത് എന്ന് നീ മനസ്സിലാക്കണം." പന്നി പറഞ്ഞതുകേട്ട് ആട് നാണിച്ച് തിരികെപ്പോയി

# ശൈലികളും സ്ഥലങ്ങളും

'Talk for England' എന്നൊരു ശൈലിയുണ്ട്. സംസാരപ്രിയരെ സൂചിപ്പിക്കാനാണ് ഇത് ഉപയോഗിക്കുന്നത്. 'Chinese puzzle', 'Like Chinese erthmetic' എന്നീ രണ്ടു ശൈലികളും സങ്കീർണമായതും മനസ്സിലാക്കാൻ പ്രയാസമുള്ളതുമായ കാര്യങ്ങളെ സൂചിപ്പിക്കുന്നു. കുരുക്കഴിക്കാൻ പ്രയാസമുള്ള ചൈനീസ് ഗണിതവും പസിലുമാണ് ഈ ശൈലിയുടെ പിന്നിൽ. 'Bring owls to Athens' എന്നൊരു ശൈലിയുണ്ട്. അനാവശ്യമോ അർഥശൂന്യമോ ആയ എന്തെങ്കിലും ചെയ്യുന്നതിനെ സൂചിപ്പിക്കുന്ന ശൈലി. പുരാതന കാലത്ത് ആതൻസ് നഗരത്തിൽ മൂങ്ങകളും മൂങ്ങച്ചിത്രങ്ങൾ കൊത്തിയ വെള്ളി നാണയങ്ങളും ധാരാളമുണ്ടായിരുന്നു. അതുകൊണ്ട് ഇവ രണ്ടും ആതൻസിലേക്ക് കൊണ്ടുവന്നിട്ട് കാര്യമില്ലായിരുന്നു. നമ്മുടെ ഇന്ത്യയുടെ പേരും ഒരു ശൈലിയിലുണ്ട്. പ്രതീക്ഷിക്കാതെ ഉണ്ടാകുന്ന കടുത്ത ചൂടിനെ സൂചിപ്പിക്കുന്ന 'Indian summer'.




# സാന്താ 'കോഴ്സ്'



ഈ സ്കൂളിൽ പഠിക്കാൻ പ്രായപരിധിയില്ല. അപ്പൂപ്പന്മാർക്കും അമ്മൂമ്മമാർക്കുമെല്ലാം ഇവിടെ ചേർന്ന് പഠിക്കാം. എന്താണിവിടെ പഠിപ്പിക്കുന്നത് എന്നല്ലേ? എങ്ങനെ നല്ലൊരു സാന്താക്ലോസാകാം എന്ന്! അതെ, ഇതൊരു 'സാന്താ സ്കൂൾ' ആണ്!

സാന്താ സ്കൂളുകൾ ലോകത്ത് പലയിടത്തുമുണ്ട്. അമേരിക്കയിലെ ആൽബിയൺ എന്ന സ്ഥലത്ത് 1937-ൽ ചാൾസ് ഡബ്ല്യു ഹോവാർഡ് എന്നയാൾ സ്ഥാപിച്ചതാണ് ഈ സ്കൂൾ. എങ്ങനെ വൃത്തിയായും വേഗത്തിലും ക്രിസ്മസ് അപ്പൂപ്പന്റെ വേഷം ധരിക്കാം, എങ്ങനെ നന്നായി കളിപ്പാട്ടങ്ങൾ ഉണ്ടാക്കാം, എങ്ങനെ സാന്താക്ലോസിനെപ്പോലെ പാട്ടുപാടാം, ഡാൻസ് ചെയ്യാം, റെയ്ൻഡീറിനെ പരിപാലിക്കാം, തെന്നുവണ്ടി ഓടിക്കാം.... ഇതൊക്കെ സാന്താ സ്കൂളിൽ പഠിപ്പിക്കും. എല്ലാ വർഷവും ഒക്ടോബറിൽ മൂന്നു ദിവസത്തെ ക്ലാസ് നടക്കും. അതുകഴിഞ്ഞാൽ BSC എന്ന ഡിഗ്രിയും കിട്ടും. BSC-യുടെ പൂർണരൂപം എന്തെന്നോ Bachelor of Santa Claus!

# ഈ പ്രായത്തിൽ ഇവർ




**വ**ർഷം 1975. അമേരിക്കക്കാരായ രണ്ട് പയ്യന്മാർ കോളജ് പഠനമൊക്കെ ഉപേക്ഷിച്ച് ഒരു കംപ്യൂട്ടർ സോഫ്റ്റ്വെയർ കമ്പനി തുടങ്ങി. പഴ്സണൽ കംപ്യൂട്ടറുകളുടെ തലവര തന്നെ അടിമുടി അപ്ഡേറ്റ് ചെയ്ത സാക്ഷാൽ മൈക്രോസോഫ്റ്റ് സ്ഥാപകരിൽ ഒരാളായ ബിൽഗേറ്റ്സിന് അന്ന് പ്രായം വെറും ഇരുപത്. കൂട്ടുകാരൻ പോൾ അലന് ഇരുപത്തിരണ്ടും.




തൊട്ടടുത്ത വർഷം, അതായത് 1976-ൽ, മറ്റൊരു കംപ്യൂട്ടർ കമ്പനി കൂടി അമേരിക്കയിൽ ആരംഭിച്ചു. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ കമ്പനി എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആപ്പിൾ. ആപ്പിൾ കംപ്യൂട്ടർ കമ്പനി എന്ന പേരിൽ ആ വൻ സാമ്രാജ്യത്തിന് തുടക്കമിടുമ്പോൾ സ്റ്റീവ് ജോബ്സിന് വെറും 21 വയസ്സായിരുന്നു പ്രായം!



**ലോ**കമെമ്പാടും കോഴിയുടെതന്നെ പര്യായമായി മാറിയ കെ.എഫ്.സി (കെന്റകി ഫ്രൈഡ് ചിക്കൻ) റെസ്റ്റൊറന്റ് ശൃംഖല 1952ൽ ആണ് കേണൽ സാൻഡേഴ്സ് ആരംഭിച്ചത്. അപ്പോൾ അദ്ദേഹത്തിന് 62 വയസ്സായിരുന്നു പ്രായം

# പിടി ഇല്ലാത്ത ചുറ്റിക



**ന**വാങ് എന്ന യുവാവ് ഒരു സിംഹാസനം ഉണ്ടാക്കുന്നതു കണ്ട് ഒരു ബുദ്ധ സന്യാസി പറഞ്ഞു: "നന്നായി. എല്ലാവർക്കും അഭിനന്ദനങ്ങൾ." നവാങ് അമ്പരന്നു. "എല്ലാവർക്കുമോ? ഞാൻ ഒറ്റയ്ക്കാ ഇതുണ്ടാക്കിയത്." അതുകേട്ട് സന്യാസി പറഞ്ഞു: "എങ്കിൽ ഈ ചുറ്റികയുടെ പിടി ഊരി മാറ്റിക്കോളൂ." നവാങ്ങിന് ചിരി വന്നു. "അതെങ്ങനെ? പിടിയില്ലാതെ എങ്ങനെ ചുറ്റിക ഉപയോഗിക്കും?"

സന്യാസി പറഞ്ഞു: "അതെ, ചുറ്റികയ്ക്ക് അടിക്കുന്ന ഭാഗം മാത്രം പോരാ, അതിനു പിന്നിൽ ബലമുള്ള ഒരു പിടിയും വേണം. അതുപോലെ, നമ്മൾ ചെയ്യുന്ന ഏതു നല്ല കാര്യത്തിനും പിന്നിൽ അതിനു നമ്മളെ പ്രാപ്തരാക്കിയ കുറേ പേർ കാണും. അവരെയും നമ്മൾ ഓർക്കണം."

# തൊപ്പി നികുതി



ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വില്യം പിറ്റ് ദ് യംഗർ 1784-ൽ ഒരു ടാക്സ് ഏർപ്പെടുത്തി തൊപ്പി നികുതി. തൊപ്പി വയ്ക്കുന്നവർ നികുതി കൊടുക്കണം. പണക്കാർ തൊപ്പികളുടെ എണ്ണത്തിനനുസരിച്ച് നികുതി കൊടുക്കേണ്ടിവന്നിരുന്നു

# ക്ലോക്ക് ടാക്സ്



വില്യം പിറ്റ് തന്നെ കൊണ്ടുവന്നതാണ് ക്ലോക്ക് ടാക്സ്. വീട്ടിൽ ക്ലോക്കുണ്ടെങ്കിൽ സർക്കാരിന് ടാക്സ് കൊടുക്കണം. അഞ്ചു ഷില്ലിങ് ആയിരുന്നു ഒരു ക്ലോക്കിനുള്ള നികുതി. പോക്കറ്റ് വാച്ചുകൾക്കും ടാക്സുണ്ടായിരുന്നു. അതും സ്വർണവാച്ചാണെങ്കിൽ 10 ഷില്ലിങ് കൊടുക്കേണ്ടി വരും; ഏതായാലും ക്ലോക്ക് ടാക്സിന് വലിയ ആയുസ്സുണ്ടായില്ല. ഒരു വർഷം തികയും മുൻപ് അതു പിൻവലിച്ചു.

# മൈൽകുറ്റി




യാത്ര ചെയ്യുമ്പോൾ റോഡരുകിൽ നാം പല നിറത്തിൽ മൈൽകുറ്റികൾ കാണാറുണ്ട്. മൈൽകുറ്റിയുടെ മുകളിൽ കൊടുത്തിരിക്കുന്ന നിറം എന്താണ് സൂചിപ്പിക്കുന്നതെന്നു നോക്കാം.

1. **ഓറഞ്ചു നിറം**
   നിങ്ങൾ ഒരു ഗ്രാമത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു.
2. **പച്ച നിറം**
   സംസ്ഥാന പാത
3. **മഞ്ഞ നിറം**
   നാഷണൽ ഹൈവേ, 4. കറുപ്പ് & വെളുപ്പ് - സിറ്റി/ ജില്ലാ പാത.

ഈ മൈൽ കുറ്റി നാട്ടൽ തുടങ്ങിയത് ആരാണ് എന്ന് അറിയാമോ? റോമക്കാരാണ് ഇതിനു പിന്നിൽ. ഇന്ന് പക്ഷേ, ദൂരം അളക്കാൻ കിലോമീറ്റർ ആണ് മൈലിന് പകരം ഉപയോഗി ക്കുന്നത്.

# മാധുര്യമേറിയ തിരുവചനം



ജീവസന്ദേശം
ടി.എം. വർഗ്ഗീസ് ഓതറ

“തിരുവചനം എന്റെ നാവിന് എത്ര മധുരം! അവ എന്റെ വായ്ക്ക് തേനിനെക്കാളും മധുരമാകുന്നു. അവ പൊന്നിനെക്കാളും തങ്കത്തെക്കാളും ആഗ്രഹിക്കത്തവയും തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയും ആകുന്നു” (സങ്കീ.119:103, 19:10).

സങ്കീർത്തനക്കാരൻ പാടുന്നതുപോലെ യേശുകർത്താവിന്റെ തിരുവചനം നമുക്കു തേനിലും തേൻ കട്ടയിലും മധുരമുള്ളതായി അനുദിനം രുചിച്ചറിയാൻ കഴിയുന്നുണ്ടോ? സങ്കീർത്തനക്കാരന് ഇത്തരത്തിൽ ദൈവവചനം രുചിച്ചറിയാൻ കഴിഞ്ഞത് എന്തുകൊണ്ടാണ്?



നാം ഏറ്റവും ഇഷ്ടപ്പെടുന്ന ഒരാളുടെ ശബ്ദം കേൾക്കുവാൻ എപ്പോഴും നാം കൊതിക്കും. വിദേശത്തുള്ള തന്റെ ഭർത്താവിന്റെ സ്വരം കേൾക്കുവാൻ ടെലിഫോൺ മുഴങ്ങുന്നതു കാത്തിരിക്കുന്ന ഒരു ഭാര്യയെ ഓർത്തുനോക്കുക. അതേ, നാം യേശുവിനെ മറ്റാരെക്കാളും മറ്റെന്തിനെക്കാളും അത്യധികമായി സ്നേഹിക്കുന്നുവെങ്കിൽ നാം അവിടുത്തെ മൃദു സ്വരം തിരുവചനത്തിലൂടെ അന്തരാത്മാവിൽ ഗ്രഹിച്ചറിയുവാൻ ഏറ്റവും വെമ്പുന്നവരായിരിക്കും.

ഉത്തരമഗീതത്തിലെ മണവാട്ടി തന്റെ പ്രിയന്റെ നിഴലിൽ ഇരുന്നതുപോലെ (ഉത്തമ 2:3), ഗെരസേന്യദേശത്തെ ഭൂതഗ്രസ്തനും, ബെഥനിയിലെ മറിയവും യേശുവിന്റെ കാൽക്കലിരുന്ന് കേട്ടതുപോലെ (ലൂക്കോ.8:38, 10:39), നാമും യേശുവിന്റെ തൃപ്പാദത്തിൽ തിരുവചനവുമായി അനുദിനം കാതോർത്തിരുക്കുവാൻ ശീലിക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെയും ജഡത്തിന്റെയും, പിശാചിന്റെ വരെയും ശബ്ദം നമ്മുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ, യേശുവിന്റെ മൃദുസ്വരം തിരിച്ചറിയുവാൻ നമുക്ക് കഴിയണമെങ്കിൽ നാം വചനത്തിൽ ആഴത്തിൽ വേരുറച്ചവരായേ പറ്റൂ!

## വചനം ഹൃദയത്തിൽ

വചനം ഹൃദയത്തിൽ സംഗ്രഹിച്ചവർ (തലച്ചോറിലല്ല-സങ്കീ.119:11) മാത്രമാണ് യഥാർത്ഥത്തിൽ വചനത്തിൽ വേരുറച്ചവർ. എങ്ങനെയാണ് നമുക്ക് വചനം ഹൃദയത്തിൽ സംഗ്രഹിക്കുവാൻ കഴിയുന്നത്? അതിന് ആദ്യമായി വചനത്തിലൂടെ കർത്താവിൽ നിന്ന് കേൾക്കണം. രണ്ടാമത് കേൾക്കുന്ന കാര്യങ്ങൾ നാം അനുസരിക്കണം. കർത്താവിൽ നിന്ന് നാം കേൾക്കുമ്പോൾ വചനം ഇരുവായ്ത്തലയുള്ള വാളുപോലെ (എബ്രാ.4:12) നമ്മുടെ ഹൃദയത്തിൽ തുളച്ചു കയറുന്നു. അത് ഭക്ഷണം നമ്മുടെ ഉള്ളിൽ ചെല്ലുന്നതുപോലെയാണ്. കേട്ട കാര്യം നാം അനുസരിക്കുമ്പോൾ (നാം അതിന് കീഴടങ്ങുമ്പോൾ), ഭക്ഷണം ദഹിച്ച് ശരീരത്തിന്റെ ഭാഗമാകുന്നതുപോലെ, വചനമാകുന്ന ജീവന്റെ അപ്പം (യോഹ.8:48, 58) നമ്മുടെ അകത്തെ മനുഷ്യനെ പോഷിപ്പിക്കുന്നു (2 കൊരി.4:16).

കർത്താവിൽ നിന്ന് വചനം കേൾക്കുക എന്നതും അനുസരിക്കുക എന്നതും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ്. കർത്താവിന്റെ വാക്കുകളിൽത്തന്നെ അത് വ്യക്തവുമാണ്. അവരോട് അവൻ എന്റെ അമ്മയും സഹോദരന്മാരും ദൈവവചനം കേട്ടു ചെയ്യുന്നവരത്രെ എന്നു ഉത്തരം പറഞ്ഞു. അതിന് അവൻ: ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ എന്നു പറഞ്ഞു (ലൂക്കോ.8:21, 11:28).

കർത്താവിൽനിന്നു കേൾക്കുന്നുവെങ്കിൽ മാത്രമേ നമ്മുക്ക് കർത്താവിനെ അനുസരിക്കുവാൻ സാധിക്കുകയുള്ളൂ. ഭക്ഷണം ഉള്ളിൽച്ചെന്നാൽ മാത്രമേ അത് ദഹിക്കയുള്ളു എന്നു പറയുന്നതുപോലെ യുക്തിസഹമാണത്. എന്നാൽ കർത്താവിൽ നിന്ന് കേട്ടിട്ടും നാം അനുസരിക്കുന്നില്ലെങ്കിൽ നാം പറയുന്ന ദൈവവചനം ദഹിക്കാത്ത ഭക്ഷണം ഛർദ്ദിച്ചുപോകുന്നതുപോലെ അറപ്പുളവാക്കുന്നതായിരിക്കും.

## പുതുക്കമുള്ള മന്ന

പഴയനിയമത്തിൽ സമാഗമനകൂടാരത്തിന്റെ അതിവിശുദ്ധസ്ഥലത്തുണ്ടായിരുന്ന മന്ന എപ്പോഴും പുതുക്കമുള്ളത് (Fresh) ആയിരുന്നു (എബ്രാ.9:3,4; പുറ.16:33). യേശുവിന്റെ ശബ്ദം കേട്ട് അനുസരിക്കുന്നവരാണ് നാമെങ്കിൽ നമ്മുടെ ജീവിതത്തിലും തിരുവചനം എപ്പോഴും പുതുക്കമുള്ളതായിരിക്കും. ദേഹമാകുന്ന പ്രാകാരവും ദേഹിയാകുന്ന വിശുദ്ധസ്ഥലവും കടന്നു വേണം തിരശ്ശീലയ്ക്കുപിന്നിൽ ആത്മാവാകുന്ന അതിവിശുദ്ധ സ്ഥലത്ത് തിരുവചനമാകുന്ന മന്ന എത്തേണ്ടിയിരിക്കുന്നത്! നാം വായിക്കുമ്പോഴും കേൾക്കുമ്പോഴും നമ്മുടെ കണ്ണുകളിലൂടെയും ചെവികളിലുടെയും കടന്നുചെല്ലുന്ന ദൈവവചനത്തിന് നമ്മുടെ വികാരങ്ങളും ചിന്തകളും ഇച്ഛാശക്തിയും കീഴ്പ്പെടുന്നുവെങ്കിൽ, ആ വചനം നമ്മുടെ ആത്മാവിൽ പുതുക്കമുള്ള മന്നയായി മാറുന്നു!



# ക്രിസ്തീയ കൂട്ടായ്മ



നമ്മുടെ ഇടയിൽ സുപരിചിതമായ ഒരു പദമാണ് കൂട്ടായ്മ എന്നത്. കൂടിവരവിനെ സൂചിപ്പിക്കുന്നതിനു സർവസാധാരണമായി ഈ പദം ഉപയോഗിക്കുന്നതിനാൽ ആഴമേറിയ ഇതിന്റെ ആശയം അവഗണിക്കപ്പെട്ടുപോകുന്നു. റോമാലേഖനം 15-ാം അദ്ധ്യായത്തിൽ വിശുദ്ധന്മാരുടെ കൂട്ടായ്മ ദൈവികമായ ഉദ്ദേശത്തോടുകൂടിയാണ് എന്നും അത് എങ്ങനെ യഥാർഥമാക്കാം എന്നും പറഞ്ഞിട്ടുണ്ട്.

നിങ്ങൾ ഐകമത്യപ്പെട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ മനസ്സോടെ ഒരു വായിനാൽ മഹത്ത്വീകരിക്കേണ്ടതിന് (റോമ.15:5). ഈ കൂടിവരവ് പിതാവായ ദൈവത്തെ മഹത്വീകരിക്കേണ്ടതിനത്രെ. മനുഷ്യന് നഷ്ടപ്പെട്ടത് വീണ്ടെടുപ്പുമൂലം തിരികെ ലഭിക്കുമ്പോൾ ദൈവികമായ ഉദ്ദേശത്തിലേക്ക് അവൻ മടങ്ങിവരുന്നു. പാപം മൂലം ദൈവക്രോധത്തിനു സർവലോകവും യോഗ്യമായിത്തീർന്നു. ദൈവത്തിന്റെ ന്യായവിധിയുടെ മുമ്പിൽ മനുഷ്യനു പ്രതിവാദമില്ല (റോമ 1:20, 2:1). ഏതു വായും അടഞ്ഞ് സർവലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായിത്തീരേണ്ടതത്രെ (റോമ.3:19). എന്നാൽ ദൈവകോപത്തിൽ അടഞ്ഞുപോയ വായ്കൾ വീണ്ടെടുപ്പു മൂലം തുറക്കുമ്പോൾ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങുന്നു. അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കുന്നു എന്നും, എന്റെ നാവിൽ പുതിയോരു പാട്ടുതന്നു എന്നും സങ്കീർത്തനക്കാരൻ പറയുന്നു.



പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങൾ ഈ അനുഭവത്തെക്കുറിച്ചാണ് എന്നു ദാവീദിനെയും (സങ്കീ.18:48, 17:1) മോശെയെയും (ആവ.32:43) യെശയ്യാവിനെയും (യെശ.11:10) ഉദ്ധരിച്ചുകൊണ്ട് പൗലൊസ് ഉറപ്പിച്ചു പറയുന്നു.

വിശ്വാസികളുടെ ഇടയിൽ ഈ കൂട്ടായ്മ നിലവിൽ വരുവാൻ ദൈവം നിങ്ങൾക്ക് കൃപ നല്കട്ടെ എന്നു പൗലൊസ് ആശംസിക്കുന്നു (റോമ.15:6). കൃപയാണല്ലോ ക്രിസ്തീയ ജീവിതത്തിനാധാരം. രക്ഷയും ദൈവത്തോടുള്ള നിരപ്പും ലഭിക്കുന്നതു കൃപയാലാണ്. ഈ കൃപയാണ് വിശ്വാസികളുടെ ഐക്യത്തിനും കൂട്ടായ്മ അനുഭവത്തിനും തുണയ്ക്കുന്നത്.

പരിശുദ്ധാത്മ ശക്തിയെക്കുറിച്ച് പൗലൊസ് ഈ ഭാഗത്ത് ഉദ്ധരിക്കുന്നു (15:13). പരിശുദ്ധാത്മാവ് വിശ്വാസികളെ യോജിപ്പിക്കുന്ന ശക്തിയാണ്. മാളികമുറിയിലെ അനുഭവം മുതൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം രേഖപ്പെടുത്തിയിട്ടുള്ള സന്ദർഭങ്ങളിലെല്ലാം ഐക്യതയുടെ അടയാളങ്ങൾ കാണുന്നുണ്ട്.

1. യേശുക്രിസ്തുവിന് അനുരൂപമായി ഏകചിന്തയോടെ ഇരിപ്പിൻ (15:8). മറ്റു വിശ്വാസികളുടെ മനസ്സിനോട് ഏകീഭവിക്കുക എന്നത് എളുപ്പമല്ല. ഒരു വിശ്വാസിയുമായി പൊരുത്തപ്പെടാതെ വന്നേക്കാം. എന്നാൽ ക്രിസ്തുവിന്റെ മനസ്സുണ്ടാകുമ്പോൾ ഈ ഐക്യത ലഭിക്കും. ഫിലിപ്യയിലെ വിശ്വാസികൾക്കു നിങ്ങൾ ഏക മനസ്സുള്ളവരായിത്തീരുവാൻ ആവശ്യപ്പെട്ടതിന്റെ ശേഷം (ഫിലി. 2:5) ക്രിസ്തുയേശുവിലുള്ള അതേ ഭാവം ഉള്ളവരായിരിപ്പാൻ ആവശ്യപ്പെടുന്നു (ഫിലി. 2:5). ക്രിസ്തുയേശുവിലുള്ള ഭാവത്തെ പൗലൊസ് വിവരിക്കുമ്പോൾ 1. വിട്ടുകൊടുക്കുന്ന മനോഭാവം, 2. താണു വന്ന് മനുഷ്യജാതിയോട് താദാത്മ്യം പ്രാപിക്കുന്ന മനോഭാവം, 3. തന്നെത്തന്നെ ക്രൂശിന് ഏല്പിച്ചു കൊടുക്കുന്ന മനോഭാവം എന്നിങ്ങനെയാണു വർണിച്ചിരിക്കുന്നത്. കൂട്ടായ്മയുടെ യാഥാർഥ്യം അനുഭവിക്കണമെങ്കിൽ നമ്മിൽ ഈ മനോഭാവം ഉണ്ടാകണം.

2. അന്യോന്യം കൈക്കൊള്ളണം (15:7). തമ്മിൽത്തമ്മിൽ കൈക്കൊള്ളുക, അല്ലെങ്കിൽ അംഗീകരിക്കുക. ക്രിസ്തു നമ്മെ കൈക്കൊണ്ടതുപോലെ നാം മറ്റു വിശ്വാസികളെ കൈക്കൊള്ളേണ്ടതാണ്. അംഗീകരിക്കപ്പെടുന്ന അനുഭവം എല്ലാ വിശ്വാസികൾക്കും ലഭിക്കാത്തതുമൂലം കൂട്ടായ്മയിൽ നിന്ന് അന്യപ്പെട്ടുപോയവരുണ്ട്. താണവർക്കും ഉയർന്നവർക്കും മുഖപക്ഷം കൂടാതെയുള്ള അംഗീകാരം കൂട്ടായ്മയിൽ ലഭിക്കേണ്ടതാണ്. ഈവിധത്തിലുള്ള സാഹോദര്യത്വം നല്കുവാൻ യേശുക്രിസ്തുവിലൂടെ മാത്രമെ സാധ്യമാകയുള്ളൂ. ദൈവസന്നിധി സമതലം ആണ്.

പരീശനും പാപിയും ന്യായശാസ്ത്രിയുമെല്ലാം അവിടെ വന്നപ്പോൾ അവർ കൈക്കൊള്ളപ്പെട്ടു. പ്രതികരണം അവഗണിച്ചാണ് കർത്താവ് അവരെ കൈക്കൊണ്ടത്. സംശയിച്ച തോമസിനെയും തള്ളി പറഞ്ഞ ശിമോനെയും ഒറ്റിക്കൊടുത്ത യൂദായെയും കൈക്കൊണ്ട കർത്താവിനെ ഓർക്കാം. നാം ഉദ്ദേശിക്കുന്ന വിധം പ്രതികരിക്കാത്തവരെയും ഉൾക്കൊള്ളുന്ന മനോഭാവം നമുക്ക് ആവശ്യമാണ്.

3. മറ്റുള്ളവരുടെ ബലഹീനതകളും ഭാരവും ചുമക്കുക. (15:1). കൂട്ടായ്മ നിലനിർത്തുന്നതിന് ചെലവുണ്ട്. പൗലൊസിന്റെ മാതൃക നോക്കുക. താൻ കണ്ടിട്ടില്ലാത്ത റോമയിലെ വിശ്വാസികളെ ദീർഘദൂരം സഞ്ചരിച്ച് സന്ദർശിക്കുന്നു. (15:22,23), യെരുശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രർക്ക് സഹായം എത്തിക്കുന്നതിനുള്ള ഭാരം (15:26), പ്രാർഥനയിൽ മറ്റുള്ളവർക്കുവേണ്ടി പോരാടുക (15:31). ലഭിക്കുന്ന സ്ഥലമായി കാണാതെ കൊടുക്കയും മറ്റുള്ളവരുടെ ഭാരം ചുമക്കുകയും ചെയ്യുന്ന കർത്താവിന്റെ സാന്നിദ്ധ്യമുള്ള സ്ഥലമാകണം നമ്മുടെ കൂടിവരവ്.

ജീവിത ഓട്ടത്തിൽ എല്ലാവർക്കും ഉത്തേജനം ആവശ്യമാണ്. ഓട്ടക്കളത്തിലും യുദ്ധക്കളത്തിലും പ്രോത്സാഹനം ആവശ്യം,

മുറിവേറ്റ നമ്മുടെ പ്രിയപ്പെട്ടവരെ താങ്ങി പ്രോത്സാഹിപ്പിക്കേണ്ടതാവശ്യം. ഇതിനുള്ള രംഗമാകണം നമ്മുടെ കൂട്ടായ്മകൾ. ക്രിസ്തു നിമിത്തം കഷ്ടം അനുഭവിക്കുകയും പ്രതികൂല സാഹചര്യങ്ങളിൽ ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന കുട്ടുസഹോദരന്മാർക്കു പ്രചോദനം നല്കുന്ന സ്ഥാനങ്ങളായി നമ്മുടെ കൂട്ടായ്മകൾ തീർന്നാൽ എത്ര നന്നായിരിക്കും. വിമർശനങ്ങളുടെയും അപവാദങ്ങളുടെയും വേദിയായിത്തീരാതെ പരസ്പരം പ്രോത്സാഹിപ്പിക്കുന്ന സ്ഥലങ്ങളായിത്തീരട്ടെ നമ്മുടെ കൂട്ടായ്മകൾ.


അങ്ങനെയെങ്കിൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിറഞ്ഞുവരുന്ന കൂട്ടായ്മകൾ ആയിത്തീരും. നമ്മുടെ കൂട്ടായ്മകൾ മറ്റുള്ളവർക്ക് കൈകൊടുക്കുന്നതിനു പകരം വേലി കെട്ടി അവരെ അകറ്റി നിർത്തുകയാണോ ചെയ്യുന്നത്? ആത്മീകമായ ഉന്നതഭാവം തന്നെ ചിലപ്പോൾ വേലിക്കെട്ടായിത്തീരാം. ഭൗമികമായ സ്ഥാനവും പദവികളും വേർപാടിന്റെ ചുവരുകളായി മാറാം. ദൈവകൃപയും പരിശുദ്ധാത്മ നിറവും പ്രാപിച്ച് നമുക്ക് യഥാർഥ കൂട്ടായ്മയിലേക്കു വളരാം. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുന്നവരും അന്യോന്യം പ്രോത്സാഹിപ്പിക്കുന്നവരുമായിത്തീരാൻ പ്രാർഥിക്കാം. അതിനു ദൈവം സഹായിക്കട്ടെ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിന്റെ ചരിത്രം

(തുടർച്ച)



**10. ചരിത്രം പ്രവചനരൂപത്തിൽ:** കഴിഞ്ഞകാലത്തെ സംഭവങ്ങളെ പ്രവചനരൂപത്തിൽ ചിത്രീകരിക്കുക ഈ സാഹിത്യരൂപത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ലോകചരിത്രത്തെക്കുറിച്ച്, വിശിഷ്യാ ദൈവജനമായ ഇസ്രായേലിനു സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്, ദൈവം ചില പ്രത്യേക വ്യക്തികൾക്കു മുൻകൂട്ടി നല്കിയ വെളിപ്പാട് എന്ന രീതിയിലാണ് ഗ്രന്ഥങ്ങൾ രചിക്കപ്പെടുക. എന്നാൽ പ്രതീകാത്മകമായും വ്യംഗ്യമായും അവതരിപ്പിക്കുന്ന ഈ ചരിത്രം കഴിഞ്ഞകാല സംഭവങ്ങളുടെ വിവരണങ്ങളാണെന്ന് ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. നെബുക്കദ്നേസറിന്റെ സ്വപ്നം (ദാനി 2:31–45), ആട്ടുകൊറ്റന്മാരെക്കുറിച്ചു ദാനിയേലിനുണ്ടായ ദർശനം (ദാനി 8:1–27), ദൂതന്മാർ തമ്മിൽ യുദ്ധം (ദാനി 10–11) തുടങ്ങിയവ കടന്നുപോയ സാമ്രാജ്യങ്ങളെയും ഗ്രന്ഥകാരന്റെ കാലത്തു ഭരിക്കുന്ന അന്തിയോക്കസ് നാലാമനെയുംകുറിച്ചുള്ള വിവരണങ്ങളാണ്.

ഭൂതകാലസംഭവങ്ങൾക്കു പ്രവചനരൂപത്തിൽ നല്കുന്ന വിവരണം വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ്. എന്നാൽ ഭാവിയെക്കുറിച്ചു വിവരിക്കുമ്പോൾ അവ്യക്തത വർദ്ധിക്കുന്നതായി കാണാം.

അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ പല പ്രത്യേകതകളും വെളിപ്പാടു ഗ്രന്ഥത്തിലും ദൃശ്യമാണ്; എന്നാൽ ഏറെ വ്യത്യാസങ്ങളും കാണാം. 1. പണ്ടെന്നോ ജീവിച്ചിരുന്ന ഒരാളായിട്ടല്ല, തന്റെ അനുവാചകരോടൊത്ത് സഹനങ്ങളിൽ പങ്കുചേരുന്നവനായിട്ടാണ് ഗ്രന്ഥകർത്താവ് സ്വയം അവതരിപ്പിക്കുക. 2. മുദ്രവച്ചു സൂക്ഷിക്കേണ്ട രഹസ്യവെളിപ്പാടായിട്ടല്ല, എല്ലാവരെയും അറിയിക്കേണ്ട രക്ഷാകര സന്ദേശമായിട്ടാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. 3. യുഗാന്ത്യത്തെക്കുറിച്ചുള്ള ദർശനങ്ങൾ ദീർഘമായ കാലയളവിനുള്ളിൽ പലപ്പോഴായി ലഭിച്ചതായിട്ടാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ ചിത്രീകരിക്കുന്നത്. വെളിപ്പാടു പുസ്തകത്തിലാകട്ടെ, ദർശനങ്ങൾ ഒന്നിനുപുറകെ ഒന്നായി അതിവേഗം, ഒരു വെള്ളിത്തിരയിലെന്നപോലെ കടന്നു വരുന്നു. ദൂതന്മാർ ചുരുങ്ങിയ വിശദീകരണമേ നല്കുന്നുള്ളൂ. എല്ലാം ഒറ്റദിവസം സംഭവിച്ചതായിട്ടാണ് അവതരിപ്പിക്കുന്നത്. 4. യുഗാന്ത്യം കണക്കുകൂട്ടി കണ്ടെത്താൻ പറ്റുന്ന ഒന്നായി യോഹന്നാൻ കരുതുന്നില്ല. 5. അന്തിമവിധി അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ വിജാതീയരുടെ മേലുള്ള ശിക്ഷാവിധിയായി ചിത്രീകരിക്കപ്പെടുമ്പോൾ വെളിപ്പാടു പുസ്തകത്തിൽ അത് ദൈവത്തോട് അവിശ്വസ്തത കാട്ടിയ എല്ലാവരുടെയും മേൽ പതിക്കുന്നു. 6. മനുഷ്യന്റെ സൽപ്രവൃത്തികൾക്ക് ഈ ഭൂമിയിൽ ദൈവരാജ്യത്തെ യാഥാർത്ഥ്യമാക്കാൻ സാധിക്കുകയില്ല; അതു പൂർണ്ണമായും ദൈവത്തിന്റെ സൃഷ്ടിയും ദാനവുമാണ് എന്ന ചിന്താഗതി സ്വീകരിച്ചുകൊണ്ടുതന്നെ വിശ്വാസികളുടെ സഹനത്തിനും വിശ്വസ്തതയ്ക്കും യോഹന്നാൻ അർത്ഥം നല്കുന്നു. അന്ത്യംവരെ ഉറച്ചുനില്ക്കുന്നവർക്കു മാത്രമേ ദൈവരാജ്യത്തിൽ പങ്കുചേരാൻ കഴിയൂ.

തന്നെയുമല്ല, വിശുദ്ധരുടെ സഹനവും പ്രാർത്ഥനയും ദൈവരാജ്യത്തിന്റെ ആഗമനത്തെ ത്വരിതപ്പെടുത്തുന്നതായും യോഹന്നാൻ കാണുന്നു.

വെളിപ്പാടു പുസ്തകം രചിച്ചിരിക്കുന്നത് മുഖ്യമായും അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിലാണെങ്കിലും മറ്റു സാഹിത്യരൂപങ്ങളുടെ സ്വാധീനത്തിലല്ല ഈ ഗ്രന്ഥം എഴുതപ്പെട്ടത്.

**2. പ്രവചനം**

യേശുക്രിസ്തുവിൽ നിന്നു ലഭിച്ച വെളിപ്പാട് എന്ന് പുസ്തകത്തെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും താൻ എഴുതിയിരിക്കുന്നത് ഒരു പ്രവാചകഗ്രന്ഥമാണെന്ന് ഗ്രന്ഥകാരൻ തന്നെ പുസ്തകത്തിന്റെ ആരംഭത്തിലും (1:3) അവസാനത്തിലും (22:18) എടുത്തുപറയുന്നുണ്ട്. അന്നു പ്രചാരത്തിലിരുന്ന അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ വെളിച്ചത്തിൽ ഈ പുസ്തകത്തെ മനസ്സിലാക്കിയാൽ പോരാ എന്ന് ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നു.

പ്രവാചകന്മാർക്കുശേഷമാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥകാരന്മാർ ഇസ്രായേലിൽ രംഗപ്രവേശനം ചെയ്തത് എന്നു നാം കണ്ടുകഴിഞ്ഞു. വെളിപ്പാടുപുസ്തകത്തിലാകട്ടെ ഈ രണ്ടു സാഹിത്യരൂപങ്ങളും സമന്വയിപ്പിച്ചിരിക്കുന്നതായി കാണാം. എന്താണ് പ്രവാചകഗ്രന്ഥങ്ങളുടെ പ്രത്യേകതകൾ?

പ്രവാചകന്മാർ പൊതുവേ എഴുത്തുകാരായിരുന്നില്ല, സംസാരിക്കുന്നവരായിരുന്നു. പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങൾ പിന്തലമുറയ്ക്കായി എഴുതി സൂക്ഷിച്ചത് പ്രവാചകശിഷ്യന്മാരായിരുന്നു. സമകാലികരോടു നേരിട്ടു സംസാരിക്കുന്നവരാണ് പ്രവാചകന്മാർ. ദൈവത്തിന്റെ ദൃഷ്ടിയിലൂടെ സീനായ് ഉടമ്പടിയുടെ വെളിച്ചത്തിൽ ലോകചരിത്രത്തെയും ഇസ്രായേൽ ജനത്തിന്റെ ജീവിതത്തെയും അവർ നോക്കിക്കാണുന്നു. മറ്റുള്ളവർ സമൃദ്ധിയും സുഭിക്ഷതയും വലിയ പ്രതീക്ഷകളും കാണുന്നിടത്ത് പ്രവാചകന്മാർ അനീതിയും അവിശ്വസ്തതയും ആസന്നമായിരിക്കുന്ന നാശവുമാണ് കാണുക. മർദ്ദനത്തിലും ചൂഷണത്തിലും അധികാരം കയ്യടക്കിയവരുടെ സുഖഭോഗങ്ങളിലും അടിയുറച്ച സമൂഹത്തിനെതിരേ ദൈവത്തിന്റെ ശിക്ഷാവിധി ആസന്നമായിരിക്കുന്നു എന്ന് അവർ വിളിച്ചറിയിക്കും. അതേസമയം, പ്രത്യാശയറ്റ മർദ്ദിതർക്കു ദൈവം നല്കാൻ പോകുന്ന മോചനത്തിന്റെ വക്താക്കളുമാണവർ. ദൈവത്തോടും അവിടുത്തെ ഉടമ്പടിയോടുമുള്ള വിശ്വസ്തതയ്ക്ക് അവർ പരമപ്രാധാന്യം കല്പിക്കുന്നു. യുഗാന്തനവീകരണത്തേക്കാൾ ഇന്നു നടത്തേണ്ട ജീവിതനവീകരണത്തിനാണ് അവർ ഊന്നൽ നല്കുന്നത്.

വെളിപ്പാടു പുസ്തകത്തിൽ പ്രവാചകശബ്ദം മുഴങ്ങി കേൾക്കാം. ശാസനയും വിമർശനവും കുറ്റാരോപണവും ശിക്ഷയുടെ മുന്നറിയിപ്പും സാന്ത്വനവും രക്ഷയുടെ വാഗ്ദാനവും എല്ലാം വെളിപ്പാടു ഗ്രന്ഥകാരൻ ഉപയോഗിക്കുന്നുണ്ട്. ജീവൻ ത്യജിച്ചും കർത്താവിനോടു വിശ്വസ്തത പുലർത്താനുള്ള ആഹ്വാനവും, മരണം വരെ വിശ്വസ്തത പാലിക്കുന്നവർക്ക് ലഭിക്കാനിരിക്കുന്ന മഹത്വവും ജീവസ്സുറ്റ വാക്കുകളിൽ യോഹന്നാൻ വരച്ചു കാട്ടുന്നു. പ്രവചനവും വെളിപ്പാടും ഈ പുസ്തകത്തിൽ സമഞ്ജസമായി സമ്മേളിക്കുന്നു. (തുടരും)



# വെളിപ്പാടിലെ വസ്തുതകൾ

(തുടർച്ച)



**2:28**, രണ്ടാമത്തെ വാഗ്ദാനമായ പുലർകാലനക്ഷത്രം യേശുവിനെ തന്നെയാണു സൂചിപ്പിക്കുന്നത്. "ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്: പ്രകാശപൂർണ്ണമായ പ്രഭാതനക്ഷത്രം" (വെളി 22:16) എന്ന പ്രഖ്യാപനം ഇതിനു തെളിവാണ്. തുയത്തൈരയിലെ വിശ്വസ്തർക്കു നല്കുന്ന രണ്ടു വാഗ്ദാനങ്ങളുടെയും അടിസ്ഥാനം ഈ വാക്യം അവതരിപ്പിക്കുന്ന സത്യം തന്നെ. അവസാനംവരെ ഉറച്ചുനിന്നു വിജയം വരിക്കുന്നവർക്കു ദൈവത്തിന്റെ രാജത്വത്തിൽ ഭാഗഭാഗിത്വം മാത്രമല്ല ദൈവപുത്രനെത്തന്നെ അവകാശമായി ലഭിക്കും.

**വെളിപാട് 3:1–6, സർദീസിലെ സഭയ്ക്ക്**

തുയത്തൈരയിൽ നിന്ന് ഏകദേശം 50 കി.മീ. തെക്കായി സ്ഥിതിചെയ്തിരുന്ന ഒരു നഗരമാണ് സർദിസ് (വാ.1). 1500 അടി ഉയരമുള്ള കിഴക്കാംതൂക്കായ പാറക്കെട്ടിനു മുകളിലാണ് പട്ടണം പണിയപ്പെട്ടിരുന്നത്. ശത്രുക്കൾക്ക് അതിനെ ആക്രമിച്ചു കീഴടക്കുക പ്രായേണ അസാധ്യമായിരുന്നു. ബി.സി. ആറാം നൂറ്റാണ്ടിൽ ഏഷ്യയിലെ ഏറ്റം സമ്പന്ന നഗരമായി സർദിസ് അറിയപ്പെട്ടിരുന്നു. സമ്പത്തിലും കോട്ടയുടെ സുരക്ഷിതത്വത്തിലും മതിമറന്ന സർദിസ് രണ്ടുതവണ അപ്രതീക്ഷിതമായി ശത്രുക്കൾക്കു കീഴടങ്ങേണ്ടി വന്നു. ബി.സി. 546–ൽ പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ പടയാളികൾ രാത്രിയിൽ പാറക്കെട്ടിന്റെ വിടവിലൂടെ പിടിച്ചു കയറി. കാവൽക്കാർ ഉറങ്ങുകയായിരുന്നു. അതിനാൽ നിഷ്പ്രയാസം പട്ടണം കീഴടക്കാൻ കഴിഞ്ഞു. ബി.സി. 195–ൽ സിറിയൻ രാജാവായ അന്തിയോക്കസ് മൂന്നാമന്റെ പടയാളികൾ ഇതേവിധത്തിൽ പട്ടണത്തിൽ പ്രവേശിച്ചു. അന്നും കാവൽക്കാർ ഉറങ്ങുകയായിരുന്നു. എ.ഡി. 17–ൽ ഉണ്ടായ വലിയ ഭൂമികുലുക്കത്തിൽ ഏഷ്യാമൈനറിലെ മറ്റു പതിനാറു പട്ടണങ്ങളോടൊപ്പം സർദിസ് നഗരവും നിലംപതിച്ചു. ടൈബീരിയസ് ചക്രവർത്തി ഒരു ഭീമമായ തുക നല്കിയാണ് നഗരം വീണ്ടും പണിതത്. സർദീസിലെ സഭയ്ക്ക് ഉണർന്നിരിക്കാൻ നല്കുന്ന ആഹ്വാനത്തിൽ ഈ ചരിത്രസംഭവങ്ങളുടെ സൂചന കാണാം.

ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ എന്നാണ് ക്രിസ്തു സ്വയം വിശേഷിപ്പിക്കുന്നത്. സപ്താത്മാക്കൾ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു എന്നു നാം കണ്ടുകഴിഞ്ഞു. ദൈവാത്മാവിന്റെ പൂർണ്ണത യേശുവിൽ കുടികൊള്ളുന്നു. ആത്മാവിന്റെ സപ്തദാനങ്ങൾ വർഷിക്കുകയും എല്ലാ സഭകളിലും പരിശുദ്ധാത്മാവിൽ സന്നിഹിതനായിരിക്കുകയും ചെയ്യുന്ന ക്രിസ്തുവാണ് സംസാരിക്കുന്നത്. സഭകളെ മുഴുവൻ അവിടുന്ന് തന്റെ കൈകളിൽ വഹിക്കുന്നു. സഭ ക്രിസ്തുവിന്റേതാണ്. സഭയിലെ എല്ലാ അംഗങ്ങളും, ക്രിസ്തുവിനാൽ നിയുക്തരായ ഇടയന്മാരും (അ.പ്ര. 20:28) അവന്റെ ദാസന്മാരാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നിന്നു യാതൊരു പ്രശംസയും ലഭിക്കാത്ത രണ്ടുസഭകളിൽ ഒന്നാണ് സർദിസിലേത്. പ്രശംസ ലഭിക്കുന്നില്ല എന്നുമാത്രമല്ല നിശിതമായ വിമർശനങ്ങളും കർശനമായ താക്കീതുകളും ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. നാമമാത്ര ക്രിസ്ത്യാനികൾ എന്നു വിശേഷിപ്പിക്കാവുന്ന ഈ സഭ ജീവിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്നെങ്കിലും യഥാർത്ഥത്തിൽ മരിച്ചുകൊണ്ടിരിക്കുകയാണ്. നീ മൃതനാണ് എന്ന പ്രഖ്യാപനം ഈ സഭയുടെ പൊതുവായ അവസ്ഥയെ സൂചിപ്പിക്കുന്നതാവണം.

പുറമേനിന്നുള്ള പീഡനങ്ങളോ അകമേ നിന്നുള്ള പാഷണ്ഡതയോ ഈ സഭയെ പിടിച്ചുകുലുക്കുന്നില്ല. ചുറ്റുപാടും നടമാടുന്ന പേഗൻ സംസ്കാരത്തോട് ഒത്തുതീർപ്പിൽ എത്തിയതാവണം ഇതിനു കാരണം. "നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്......ലോകം നിങ്ങളെ വെറുക്കും" (യോഹ 15:19) എന്ന് യേശു മുൻകൂട്ടി അറിയിച്ചിരുന്നു. ചുറ്റുപാടുമുള്ള മറ്റുസഭകൾ കഠിനമായ പീഡനത്തിനിരയായപ്പോഴും സർദിസിലെ സഭയ്ക്ക് സ്വച്ഛമായി ജീവിക്കാൻ കഴിഞ്ഞത് ആ സഭ ലോകത്തിന്റേതായി തീർന്നതുകൊണ്ടായിരിക്കണം. ചൈതന്യം നഷ്ടപ്പെട്ട വിശ്വാസം അർത്ഥശൂന്യമായ ആചാരങ്ങളുടെ പുറന്തോടിനുള്ളിൽ അന്ത്യശ്വാസം വലിക്കുകയാണ്. സർദിസ് നഗരത്തിന്റെ അവസ്ഥ തന്നെയാണ് ആ നഗരത്തിലെ സഭയുടേതും. ഗതകാലമഹത്വത്തിൽ അഭിമാനിക്കുകയും വിശ്വാസത്തിന്റെ കാതലായ കാര്യങ്ങളിൽ പേഗൻ സംസ്കാരവുമായി വിട്ടുവീഴ്ചകൾ നടത്തി സ്വസ്ഥതയനുഭവിക്കുകയും ചെയ്യുന്ന ഈ സഭ എക്കാലത്തും ക്രിസ്തുവിന്റെ സഭയ്ക്കു സംഭവിക്കാവുന്ന ഭൗതീകവത്കരണത്തിന്റെ ഉദാഹരണമാണ്.

ഉണരുക എന്ന ആഹ്വാനമാണ് യേശു ഈ സഭയ്ക്കു നല്കുന്നത്. പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഉണരുക എന്നല്ല, സദാ ഉണർന്നിരിക്കുക എന്നാണ് ഗ്രീക്കുമൂലത്തിന്റെ അർത്ഥം. ജാഗ്രത പാലിക്കുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന വിപത്തിനെക്കുറിച്ച് മൂന്നാം വാക്യത്തിൽ പരാമർശിക്കുന്നുണ്ട്. വിവിധങ്ങളായ പ്രലോഭനങ്ങൾക്കും വീഴ്ചകൾക്കും എതിരേ നിതാന്ത ജാഗ്രത പാലിക്കാനുള്ള ആഹ്വാനം പുതിയ നിയമത്തിലുടനീളം കാണാം (ലൂക്കോ. 22:46; 1 കൊരി. 16:13; കൊലോ. 4:2; 1 തെസ. 5:6; 1 പത്രോ. 5:8). കാവല്ക്കാരുടെ അശ്രദ്ധമൂലം രണ്ടുതവണ ശത്രുക്കൾക്കു കീഴടങ്ങുകയും അപ്രതീക്ഷിതമായുണ്ടായ ഭൂകമ്പത്തിൽ നിലംപതിക്കുകയും ചെയ്ത സർദിസിന്റെ ചരിത്രപശ്ചാത്തലത്തിൽ ഉണർന്നിരിക്കുക എന്ന ആഹ്വാനം ഗ്രഹിക്കാൻ പ്രയാസമില്ല.

തന്നെ ഏല്പിച്ച ദൗത്യം നിർവഹിക്കുന്നതിൽ ഈ സഭ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ് അടുത്ത ആരോപണം. എന്റെ ദൈവം എന്ന പദപ്രയോഗം യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുകയല്ല, തന്റെ മനുഷ്യത്വത്തിൽ പിതാവായ ദൈവത്തോടുള്ള അവന്റെ പ്രത്യേക ബന്ധം എടുത്തുകാണിക്കുകയാണ് ചെയ്യുന്നത് (വെളി. 1:6; 1 കൊരി. 1:3). ചാരം മൂടിക്കിടക്കുന്ന തീക്കനലിനെ ഊതിക്കത്തിക്കുന്നതുപോലുള്ള ഒരു പ്രവൃത്തിയാണ് ഉത്തേജിപ്പിക്കുക എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്.

(തുടരും)



# വിശ്വാസികൾ വീണ്ടും വിഡ്ഢികളായി



വർഷങ്ങൾക്കു മുൻപ് രണ്ട് യുക്തിവാദികൾ ചേർന്ന് റഷ്യയിൽ നരകം കണ്ടെത്തി എന്ന നിലയിലുള്ള വീഡിയോ നിർമ്മിച്ച് പ്രചരിപ്പിച്ചു. അത് സത്യമാണെന്ന നിലയിൽ വസ്തുതകൾ പരിശോധിക്കാതെ ഇവിടത്തെ പ്രസംഗകർ റഷ്യയിലെ നരകം പ്രസംഗിക്കുകയും വിശ്വാസികൾ അത് വിശ്വസിക്കുകയും ചെയ്തു. മനുഷ്യന്റെ ഭൗതിക പരിമിതികൾ ഉള്ള കണ്ണുകൊണ്ടും ചെവികൊണ്ടും അഭൗതിക വസ്തുവിനെ കാണുവാനോ അഭൗതികമായ ആത്മാവിന്റെ നിലവിളി കേൾക്കുവാനോ സാധിക്കുകയില്ലെന്നും, ഗുരുത്വാകർഷണം മൂലം ഒരു പരിധിവിട്ട് ഭൂമി കുഴിക്കുവാൻ സാധിക്കാതിരിക്കെ എങ്ങനെ ഭൂമിയുടെ അന്തർഭാഗത്തെ നിലവിളി കേട്ടു എന്ന് സാമാന്യ നിലയിൽ ചിന്തിക്കുവാനോ സാധിക്കാത്ത വിശ്വാസികൾ വിഡ്ഢികളായി. യുക്തിവാദികൾ വിശ്വാസികളെ അന്ധവിശ്വാസികളായ വിഡ്ഢികൾ എന്ന് പറഞ്ഞ് ആക്ഷേപിക്കുവാൻ അത് കാരണമായി. ഇപ്പോൾ ഇതാ കൃത്രിമ ഗർഭപാത്രത്തിലെ മനുഷ്യനിർമ്മിതിയുമായി ഹാഷം അൽ-ഗൈലി ശാസ്ത്രത്തെക്കുറിച്ചുള്ള അജ്ഞതയാൽ വലയുന്ന വിശ്വാസികളെ വെറുമൊരു ആനിമേഷൻ വീഡിയോ കൊണ്ട് വീണ്ടും വിഡ്ഢികളാക്കിയിരിക്കുന്നു.

1990ൽ ജനിച്ച ഹാഷം അൽ-ഗൈലി ഒരു യെമൻ സയൻസ് കമ്മ്യൂണിക്കേറ്ററും സംവിധായകനും സിനിമാ നിർമ്മാതാവുമാണ്. അദ്ദേഹം ഇൻഫോഗ്രാഫിക്സിനും ആനിമേഷൻ വീഡിയോകൾക്കും പ്രശസ്തനാണ്. ജർമ്മനിയിലെ ബെർലിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിഷ്വൽ സ്റ്റോറി ടെല്ലിംഗിന് പേരുകേട്ട ഈ വ്യക്തി വീണ്ടും വിശ്വാസികളെ വിഡ്ഢികളാക്കിയിരിക്കുന്നു. ഹാഷിമിന്റെ സയൻസ് ഫിക്ഷൻ ഫിലിം "സിമുലേഷൻ" ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നിലധികം അന്താരാഷ്ട്ര അവാർഡുകൾ നേടിയതാണ്. തന്റെ ആദ്യ സയൻസ് ഫിക്ഷൻ നോവൽ ദി ഗ്രേറ്റ് എസ്കേപ്പ് 2023-ൽ പ്രസിദ്ധീകരിക്കും. അദ്ദേഹം ഇപ്പോൾ തന്റെ ആദ്യ സയൻസ് ഫിക്ഷൻ ഫീച്ചർ ഫിലിമായ ഓർബിറ്റലും പൂർത്തിയാക്കിയിരിക്കുകയാണ്. സ്കൈ ക്രൂയിസ്, ഫ്ളൈയിംഗ് ഹോട്ടൽ, ലോകത്തിലെ ആദ്യത്തെ കൃത്രിമ ഗർഭാശയ സൗകര്യം എക്ടോലൈഫ് എന്നിവ ഉൾപ്പെടുന്ന പുതിയ ആശയങ്ങൾ, തന്റെ ഭാവനയിൽ വികസിപ്പിച്ചതാണ്. അതിന് ഹാഷെം ശാസ്ത്രപശ്ചാത്തലം ഉപയോഗിക്കുന്നു എന്നുമാത്രം. കൃത്രിമ ഗർഭപാത്രത്തിലെ ഡിസൈൻ ബേബീസ് ഒരു സയൻസ് ഫിക്ഷൻ സ്റ്റോറി മാത്രമാണ്, അതായത് വെറും ശാസ്ത്ര ഭാവന.





ഓരോരുത്തരുടെയും താല്പര്യവും ആവശ്യവും അനുസരിച്ച് നിറവും ബുദ്ധിയുമുള്ള കുഞ്ഞുങ്ങളെ രൂപകല്പന ചെയ്ത് കൃത്രിമ ഗർഭപാത്രത്തിൽ വളർത്തിയെടുക്കാമെന്ന നിലയിലുള്ള നിർമ്മിത വീഡിയോകൾ വെറും മനുഷ്യ ഭാവനയാണ്. അതിന് യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ല. മനുഷ്യ ഗർഭധാരണം അസാധാരണവും സങ്കീർണ്ണവുമായ സംവിധാനമാണ്. അമ്മയും കുഞ്ഞും പ്ലാസന്റയിലൂടെ ബന്ധിപ്പിച്ചിരിക്കുന്നു. ഓക്സിജൻ, പോഷകങ്ങൾ, ഹോർമോണുകൾ എന്നിവ അമ്മയിൽ നിന്ന് പ്ലാസന്റ വഴി കുഞ്ഞിലേക്ക് കടന്നുപോകുന്നു, കുഞ്ഞ് വികസിക്കുന്നതിനനുസരിച്ച് ഗർഭപാത്രം കുഞ്ഞിനെ ഉത്തേജിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.

ഇതിനിടയിൽ, കുഞ്ഞ് കാർബൺ ഡൈ ഓക്സൈഡും മറ്റ് മാലിന്യ ഉൽപ്പന്നങ്ങളും അമ്മയുടെ രക്തത്തിലേക്ക് തിരികെ കടത്തിവിടുന്നു. ഒരേസമയം ഓക്സിജൻ നൽകുകയും മാലിന്യം നീക്കം ചെയ്യുകയും ചെയ്യുന്ന അപൂർവ്വ പ്രക്രിയയാണ് ഗർഭപാത്രത്തിൽ നടക്കുന്നത്. അമ്മയുടെ ശരീരത്തിലെ ചൂടും കുഞ്ഞിന്റെ വളർച്ചയ്ക്ക് പ്രധാനമാണ്. ഒരു കൃത്രിമ ഗർഭപാത്രം ഇതെല്ലാം ആവർത്തിക്കേണ്ടതുണ്ട്. ശാസ്ത്രത്തിന് ഇതുവരെ അത് സാധ്യമായിട്ടില്ല.

ഗവേഷകർ ഇപ്പോൾ ശരീരത്തിന് പുറത്ത് ഗർഭാശയ കോശങ്ങൾ നിലനിർത്താനുള്ള പരീക്ഷണത്തിലാണ് എന്നത് ശരിയാണ്. 1954 ജൂലായ് 22- ന് ഇമ്മാനുവൽ എം. ഗ്രീൻബെർഗ് കൃത്രിമ ഗർഭപാത്രത്തിനുള്ള രൂപകല്പനയിൽ പേറ്റന്റ് ഫയൽ ചെയ്തു. ഈ ഗർഭാശയ കോശത്തിന് അതിന്റേതായ രക്ത വിതരണം ആവശ്യമാണ്. ഈ നേട്ടത്തിലേക്ക് ഒരു ചുവടു മുന്നോട്ടുവയ്ക്കുവാൻ ശാസ്ത്രത്തിനു സാധിച്ചിട്ടില്ല. ഗർഭപാത്രത്തിന് പുറത്ത് 14 ദിവസത്തിനപ്പുറം ഒരു മനുഷ്യ ഭ്രൂണവും വളർന്നിട്ടില്ല. കൃത്രിമ ഗർഭപാത്രം എന്ന് സാധാരണയായി വിളിക്കപ്പെടുന്ന ഒരു ബയോ ബാഗ്, ഇന്നും ഒരു മനുഷ്യ ഭാവനയായി നിലകൊള്ളുന്നു. മനുഷ്യ ശരീരത്തിന് പുറത്ത് ഒരു കുട്ടിയെ ഗർഭം ധരിക്കുന്നത് സാധ്യമാക്കുന്ന നിലയിലുള്ള ഒരു കണ്ടുപിടിത്തവും ശാസ്ത്രത്തിന് സാധിച്ചിട്ടില്ല. വാസ്തവത്തിൽ ക്ളോണിങ് മാത്രമാണ് ഇന്ന് സാധ്യമായിട്ടുള്ളത്.



# മോളിനോസും മിസ്റ്റിസിസവും



യഥാർത്ഥ ക്രിസ്തീയത ബാഹ്യമായ പ്രവൃത്തികൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അപ്പുറത്ത് ഏറെ ആന്തരികമായ ഒന്നാണെന്ന തന്റെ ബോധ്യത്തിനുവേണ്ടി ജീവിതം തന്നെ ബലികൊടുക്കേണ്ടിവന്ന, ശ്രദ്ധേയനായ ക്രിസ്തീയ മിസ്റ്റിക്കായിരുന്നു മൈക്കൽ മോളിനോസ്.

സ്പെയിനിലെ സംഗോസ എന്ന സ്ഥലത്ത് 1627 ലാണ് മൈക്കൽ ഡി മോളിനോസ് ജനിച്ചത്. പഠനത്തിനുശേഷം അദ്ദേഹം ഒരു പുരോഹിതനായി റോമിലേക്കു പോയി. സംഘടിത മതത്തിന്റെ ചട്ടക്കൂടുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുമ്പോഴാണ് മോളിനോസിനു യഥാർത്ഥ ദൈവവഴികളെക്കുറിച്ച് ബോധ്യം ലഭിക്കുന്നതും അദ്ദേഹം ഒരു ക്രിസ്തിയ മിസ്റ്റിക്കായി മാറുന്നതും. ഇവിടെ ഒരു സംശയം വരാം. ക്രിസ്തീയ മിസ്റ്റിക് എന്നുപറഞ്ഞാൽ ആരാണ്? മിസ്റ്റിസിസം (Mysticism) എന്നു പറഞ്ഞാൽ എന്താണ്?

ഫോർമലിസ (Formalism) ത്തിനു നേരേ എതിരാണ് മിസ്റ്റിസിസം എന്ന് എളുപ്പത്തിൽ പറയാം. അപ്പോൾ എന്താണു ഫോർമലിസം? ഇത് ഇങ്ങനെ വിശദീകരിക്കാം. യഥാർത്ഥ ക്രിസ്തീയ വിശ്വാസം ക്രമേണ ക്രിസ്തുമതമായി മാറിയപ്പോൾ വിശ്വാസത്തിന്റെ അകക്കാമ്പിനുചുറ്റും മതപരമായ ഒരു ചട്ടക്കൂട് രൂപപ്പെട്ടുവന്നു. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയുടെ ഈ ബാഹ്യമായ ചട്ടക്കൂടാണ് (Form) പ്രധാനം എന്നു കരുതുന്നവരാണു ഫോർമലിസ്റ്റുകൾ. എന്നാൽ ഇതിനെതിരായി കാണാവുന്നതിന് അപ്പുറത്തുള്ള ആന്തരികമായ വിശ്വാസത്തിന്റെ അന്തർധാരയാണു പ്രധാനം എന്നു ബോധ്യം ഉള്ളവരാണു ക്രിസ്തീയമിസ്റ്റിക്കുകൾ. ക്രിസ്തുവിൽ അധിഷ്ഠിതമായ ലളിതമായ വിശ്വാസത്തിന്റെ പ്രണേതാക്കളും പ്രചാരകരുമായിരുന്നു അവർ. ഫോർമിസ്റ്റുകളും മിസ്റ്റിക്കുകളും എന്നും ആശയപരമായി വിരുദ്ധ ധ്രുവങ്ങളിലായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ യഥാർത്ഥ ആന്തരിക വിശ്വാസത്തിനുവേണ്ടി ഫോർമലിസ്റ്റുകളോട് ഏറ്റുമുട്ടി ശ്രദ്ധേയരായ രണ്ടു പേരുണ്ടായിരുന്നു. ഒന്ന്: ഫ്രാൻസിലെ ബിഷപ്പ് പെനിൻ. രണ്ട്: ഫ്രഞ്ചുകാരി തന്നെയായ പ്രശസ്ത വനിതാ രത്നം മാഡം ഗയോൺ. മൈക്കൽ മോളിനോസും ക്രിസ്തീയ ബോധ്യങ്ങളുടെ കാര്യത്തിൽ ഇവരോടൊപ്പം നിലയുറപ്പിച്ചു.



'ദൈവമാണ് എല്ലാറ്റിനും എല്ലാം'. 'ആരാധകൻ അവന്റെ ആന്തരിക മനുഷ്യനെ എപ്പോഴും ദൈവസന്നിധിയിലേക്കു കൊണ്ടുവരണം' എന്നിങ്ങനെ മിസ്റ്റിക്കുകൾക്കു പൊതുവായുള്ള ആശയങ്ങൾക്കു പുറമേ ജീവിതം എന്നു പറയുന്നത് ദൈവത്തോടുള്ള വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും സമർപ്പണത്തിന്റെയും പ്രവൃത്തിയാണ്. അതു ആത്മികമെന്നും ഭൗതികമെന്നും രണ്ടായി മുറിഞ്ഞുകിടക്കരുത്' എന്ന ചിന്തയും മോളിനോസിനുണ്ടായിരുന്നു. ആത്മീയത ആന്തരികമാണ് എന്ന തന്റെ ബോധ്യം സ്ഥാപിച്ചുകൊണ്ട് 'സ്പിരിച്ചൽ ഗൈഡ്' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ബാഹ്യമായ ചട്ടക്കൂടിന് അപ്പുറം ആന്തരികമായ ആത്മീയതയ്ക്ക് ഊന്നൽ നൽകുന്ന ഈ ഗ്രന്ഥം സംഘടിതമതത്തിന്റെ അടിത്തറ ഇളക്കുന്നതാണെന്നു മതനേതൃത്വം വേഗം തിരിച്ചറിഞ്ഞു. അവർ മൈക്കൽ മോളിനോസിനെ 1685 ജൂലൈ 18 ന് ദുരുപദേശക്കാരൻ എന്നു മുദ്രകുത്തി അറസ്റ്റു ചെയ്ത് മതദ്രോഹ വിചാരണ കോടതിക്കു മുൻപാകെ ഹാജരാക്കി. 1687 ൽ വിചാരണ പൂർത്തിയായി വിധി വന്നു. സ്പിരിചൽ ഗൈഡിന്റെ എല്ലാ പ്രതികളും കണ്ടെടുത്ത് തീക്കിരയാക്കുക. മൈക്കൽ മോളിനോസിനെ മരണം വരെ ഏകാന്തത്തടവിൽ അടയ്ക്കുക.

മോളിനോസിനെ അവസാനമായി ബാഹ്യലോകം കാണുന്നത് അദ്ദേഹത്തെ ഏകാന്തസെല്ലിൽ അടയ്ക്കുന്ന സമയത്താണ്. അന്ത്യ ന്യായവിധി ദിനത്തിൽ തന്റെ നിലപാടാണു ശരിയെന്ന് വെളിപ്പെടും എന്ന വിശ്വാസപ്രഖ്യാപനത്തോടെ അദ്ദേഹം ഉറച്ച കാൽവയ്പ്പുകളോടെ തടവറയ്ക്കുള്ളിലേക്കു നടന്നുപോയി. പത്തുവർഷം തടവിൽ കഴിഞ്ഞ മോളിനോസ് 1697 ഡിസംബറിൽ അവിടെത്തന്നെ അന്തരിച്ചു. യാദൃച്ഛികമെന്നു പറയട്ടെ, ഇതേവർഷം തന്നെയാണ് മോളിനോസിന്റെ ചിന്തകൾ പങ്കിട്ട ഫ്രാൻസിലെ ഫെനലനെയും മതമേധാവികൾ വിചാരണ ചെയ്ത് അഗ്നിക്കിരയാക്കിയത്.

ഇന്ന് മോളിനോസിന്റെയും ഫെനലന്റേയും മാഡം ഗയോണിന്റേയും പ്രസക്തി എന്താണ്? അവരുടെ നിലപാടുകൾ പാഴായില്ലെന്നും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അപ്പുറത്ത് വിശ്വാസത്തിന്റെ അന്തർധാരയ്ക്ക് ഇന്ന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും തങ്ങൾ ആ വിശ്വാസം പിന്തുടരുന്നവരാണെന്നും സുവിശേഷ വിഹിത കിസ്ത്യാനികൾ ഇന്ന് അവകാശപ്പെട്ടേക്കാം. എന്നാൽ വാസ്തവം എന്താണ്? അത്തരം സഭകൾ പോലും തങ്ങളുടേതായ രീതികളുടേയും സമ്പ്രദായങ്ങളുടേയും ഒരു ബാഹ്യമായ ചട്ടക്കൂട്ടിൽ അഭിരമിക്കുകയല്ലേ ഇന്നു ചെയ്യുന്നത്. സത്യത്തിൽ ക്രിസ്തീയതയുടെ യഥാർത്ഥ സത്ത യേശുവിന്റെ ജീവിതവും അതിനെ പ്രായോഗികതലത്തിൽ പിൻപറ്റുവാനുള്ള സാധ്യതയുമാണ്. പക്ഷേ ഇന്നതിൽ ആർക്കാണു താത്പര്യം?

ഗിരിപ്രഭാഷണം ഇന്നു തങ്ങൾക്കു പ്രസക്തമാണെന്നു യഥാർത്ഥത്തിൽ കരുതുന്ന വിശ്വാസികൾ എത്രപേരുണ്ട്?

ഉവ്വ്, യേശുവിനു ചുറ്റും വിശ്വാസപ്രമാണങ്ങളുടേയും ഉപദേശങ്ങളുടേയും ബാഹ്യമായ ഒരു ചട്ടക്കൂടു പണിത് യഥാർത്ഥ ആത്മീയതയുടെ ആന്തരിക ധാരയെ സുവിശേഷവിഹിതരെന്ന് അവകാശപ്പെടുന്നവർ പോലും ഇന്നു വിട്ടുകളഞ്ഞിരിക്കുന്നു. 'തിരുവെഴുത്തുകൾ വിരൽ ചൂണ്ടുന്ന എന്റെ അടുത്തേക്കുവരുവാൻ മനസ്സില്ലാതെ നിങ്ങൾ തിരുവെഴുത്തുകളെ പരിശോധിക്കുന്നതിൽ എന്തർത്ഥമാണുള്ളതെന്ന് യേശു പരീശന്മാരോട് അന്നു ചോദിച്ചതു തന്നെയല്ലേ (യോഹന്നാൻ 8 39,40). ഉപദേശങ്ങളിൽ അഭിരമിക്കുകയും യേശുവിന്റെ അടുത്തേക്കു വരുവാൻ മനസ്സില്ലാതെ ഇരിക്കുകയും ചെയ്യുന്നവരോട് യേശുവിന് ഇന്നും ചോദിക്കുവാനുള്ളത്?

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക




**പഴയനിയമത്തിലേയും പുതിയനിയമത്തിലേയും പൗരോഹിത്യം എങ്ങനെയുള്ളത്? പുതിയനിയമത്തിൽ പഴയനിയമ പൗരോഹിത്യം ആവർത്തിക്കപ്പെടുന്നുണ്ടോ? പൗരോഹിത്യ ശുശ്രൂഷകളെ തിരുവചനാടിസ്ഥനത്തിൽ വിശദീകരിക്കുവാൻ സാധിക്കുമോ?**

-സി.വി.പാപ്പച്ചൻ, കൊടുങ്ങന്നൂർ, മലമുകൾ, തിരുവനന്തപുരം

**(കഴിഞ്ഞലക്കം തുടർച്ച)**

## യേശുക്രിസ്തുവിന്റെ പൗരോഹിത്യം

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളവും പൗരോഹിത്യ കർമങ്ങൾക്കു യാതൊരു പ്രാധാന്യവുമില്ല. കാരണം നമ്മുടെ മഹാപുരോഹിതൻ യേശുക്രിസ്തുവാണ്. മഹാപുരോഹിതൻ യാഗ മൃഗങ്ങളുടെ രക്തവുമായി അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുന്നതുപോലെ കർത്താവായ യേശുക്രിസ്തു മാനവരാശിയുടെ പാപ പരിഹാരത്തിനായി പിതാവിന്റെ സന്നിധിയിലേക്ക് പ്രവേശിച്ചിരിക്കയാണ്.



പുതിയനിയമം പരിശോധിക്കുമ്പോൾ, എബ്രായ ലേഖനം 6:20-ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. “യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനായി മുമ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു.” എബ്രായ ലേഖനം 9-ാം അധ്യായത്തിൽ ഈ വിഷയം നന്നായി വ്യക്തമാക്കുന്ന ഒരു ഭാഗം ഉണ്ട്.

“ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല സ്വന്ത രക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു.

“ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധ മന്ദിരത്തിങ്കലേക്കല്ല. ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാകാൻ സ്വർഗ്ഗത്തിലേക്കത്രെ പ്രവേശിച്ചത്.”

ലേവ്യ പുസ്തകം 16-ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന പാപപരിഹാര നാളിലെ സംഭവങ്ങളുടെ നിവർത്തീകരണമായിട്ടാണ് മേൽക്കാണിച്ച കാര്യങ്ങൾ വിവരിച്ചിരിക്കുന്നത്. ലേവ്യ പൗരോഹിത്യ യാഗങ്ങൾക്കു കേവലം ജഡീക ശുദ്ധി വരുത്തുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ യേശുവാകുന്ന മഹാപുരോഹിതനാൽ അവന്റെ യാഗത്താൽ നമ്മുടെ മനഃസാക്ഷിയിൽ ശുദ്ധീകരണം തരും. പഴയനിയമത്തിലെ സമാഗമന കൂടാരം പാപത്താൽ മലിനപ്പെട്ട മനുഷ്യന് ദൈവ സന്നിധിയിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല എന്ന് പഠിപ്പിക്കുവാൻ വേണ്ടികൂടിയായിരുന്നു.



മഹാപുരോഹിതനുമാത്രം ആണ്ടിലൊരിക്കൽ പ്രവേശനം അനുവദിച്ചിരുന്നു. എന്നാൽ യേശുവാകട്ടെ തന്റെ ദേഹം എന്ന തിരശീലയാൽ നമുക്കു വേണ്ടി പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയിൽ കൂടി സ്വർഗത്തിലേക്ക് യഥാർത്ഥ അതിവിശുദ്ധ സ്ഥലത്തേക്ക് തന്റെ ജനത്തിനു വേണ്ടി പക്ഷവാദം ചെയ്യാൻ പോയിരിക്കുകയാണ്.

അതുകൊണ്ടു പുതിയനിയമ വിശ്വാസിക്ക് പഴയനിയമത്തിലെപോലെ ദൂരത്തുനിന്നു ആരാധിക്കേണ്ട ആവശ്യമില്ല. ഇന്ന് കൃപാസനത്തോട് അടുത്തുചെന്നു ധൈര്യത്തോടെ ആരാധിക്കാം.

## വിശ്വാസികൾ എല്ലാം ആത്മീക പുരോഹിതന്മാർ

യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തിലൂടെ അഹരോന്യ പൗരോഹിത്യം എന്നേക്കുമായി തുടച്ചു നീക്കപ്പെട്ടിരിക്കയാണ്. നമ്മുടെ മഹാപുരോഹിതനാകുന്ന കർത്താവിനോടുകൂടി നമുക്ക് കൃപാസനം വരെ ധൈര്യത്തോടെ ചെന്ന് ആരാധിപ്പാൻ കഴിയും. ഒരു കാലത്ത് മഹാപുരോഹിതനു മാത്രം കടന്നു ചെല്ലുവാൻ കഴിഞ്ഞിരുന്ന സ്ഥാനത്തു ഇന്ന് ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ വിശ്വാസിക്കും ധൈര്യത്തോടെ കടന്നു ചെല്ലാം.

“നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു. ഞാൻ ശ്രേഷ്ഠവും മാന്യവുമായോരു മൂലക്കല്ലു സീയോനിൽ ഇടുന്നു. അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല” എന്നു തിരുവെഴുത്തിൽ കാണുന്നുവല്ലോ. വിശ്വസിക്കുന്ന നിങ്ങൾക്കു ആ മാന്യതയുണ്ട്. വിശ്വസിക്കാത്തവർക്കോ വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു തന്നേ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽ പാറയുമായിത്തീർന്നു.

അവർ വചനം അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു; അതിന്നു അവരെ വെച്ചുമിരിക്കുന്നു. നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. “മുമ്പെ നിങ്ങൾ ജനമല്ലാത്തവർ ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ” (വെളിപാട് 1:5-6).



“നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു” എന്ന് എഴുതിയിരിക്കുന്നു.

വചനപ്രകാരം ക്രിസ്തുവിനെ അനുഗമിക്കുന്ന ഏവരും ആത്മീക പുരോഹിതന്മാർ ആണ്. ഈ പൗരോഹിത്യത്തിൽ ഒരു ക്രിസ്ത്യാനി അർപ്പിക്കുന്നതായ യാഗം പാരമ്പര്യ സഭകളിലെ കുർബാന പോലെയുള്ളതല്ല. പിന്നെയോ യേശുക്രിസ്തു പാപങ്ങൾക്കുവേണ്ടി എന്നേക്കുമുള്ള ബലി അർപ്പിച്ചു. അത് ഒരു സമ്പൂർണ്ണ ബലിയായിരുന്നു.

ക്രൂശിൽ താൻ യാഗം നിവർത്തിച്ചു കഴിഞ്ഞപ്പോൾ “എല്ലാം നിവൃത്തിയായി” എന്ന് പറയുകയുണ്ടായി. (യോഹന്നാൻ 19:30).

“യേശു പുളിച്ച വീഞ്ഞു കുടിച്ചശേഷം നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു”

ക്രിസ്ത്യാനി അർപ്പിക്കുന്ന യാഗത്തിന്റെ പേര് ആത്മീകയാഗം എന്നാണ്.

ഒന്നാമത്തേത് സ്തോത്രയാഗമാണ് (എബ്രായർ 13:15).

“അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക.”

രണ്ടാമത്തെ യാഗം നമുക്കുള്ള വസ്തുവകകൾ കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുക (എബ്രായർ 13: 16).

“നന്മചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈവക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്.”

മൂന്നാമത്തെ യാഗം നമ്മുടെ ശരീരങ്ങളെ സമ്പൂർണ്ണമായി അർപ്പിക്കുക എന്നതാണ്. അത് നമ്മുടെ ജീവിത നടപ്പിനെ കാണിക്കുന്നു (റോമർ 12:1).

“സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ”.

‘കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു. അങ്ങനെ തന്നേ നാം ആകുന്നു ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല (1 യോഹ.3:1).

പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. ആകയാൽ നാം ദാസന്മാരല്ലാ പുത്രന്മാരത്രേ. നമ്മുടെ പിതാവിന്റെ സന്നിധിയിലേക്ക് നമുക്ക് ഒരു മധ്യസ്ഥൻ കൂടാതെ പ്രവേശിക്കുവാൻ സാധിക്കും.

ഒരു മാനുഷിക പുരോഹിതന്റെയും ആവശ്യം നമുക്കില്ല. അങ്ങനെ ഒരു പുരോഹിതന്റെ മധ്യസ്ഥത കൊണ്ടുവരുന്നത് യഹൂദാ മതത്തിലേക്കുള്ള തിരിച്ചുപോക്കും, ക്രിസ്തീയ മാർഗത്തിൽ നിന്നുള്ള പിന്മാറ്റവും, വേദ വിപരീതവും ആണ്.

WEBSITE vedabhimani.com
FACE BOOK vedabhimani
MAIL vedabhimani@gmail.com
YouTube vedabhimani.com


# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Mar: 2023 at RMS Kayamkulam
Published on Ist Mar: 2023
RNI Registered No. KERMAL/2002/7361

# പണവിചാരം

പണത്തെക്കുറിച്ചുള്ള ചിന്തകൾ പൊതുവേ എല്ലാവരിലുമുണ്ട്. എന്നാൽ പണത്തെ സ്നേഹിക്കുന്നത് ഏത് സാമ്പത്തിക നിലയിലുള്ളവരെ സംബന്ധിച്ചാണെങ്കിലും അപകടകരമാണ്. അത്യാഗ്രഹം, കയ്പ്, ഈർഷ്യ, അനാരോഗ്യം എന്നിവ പണസ്നേഹത്തിനു കാരണമായിത്തീരും.

തന്റെ കാലഘട്ടത്തിലെ ഏറ്റവും ധനികരായ മനുഷ്യരിൽ ഒരുവനായിരുന്ന ജോൺ ഡി. റോക്ക്ഫെല്ലർ പണത്തെ അതീവസ്നേഹത്തോടെ അന്വേഷിക്കാനാരംഭിച്ചു. ഫലം മുപ്പത്തിമൂന്ന് വയസ്സായപ്പോഴേക്കും അദ്ദേഹം തന്റെ ആദ്യത്തെ ദശലക്ഷം ഡോളർ സ്വത്തിന്റെ ഉടമയായി. നാല്പത്തിമൂന്നാം വയസ്സിൽ ഭൂമിയിലെ ഏറ്റവും വലിയ ബിസിനസ്സ് സ്ഥാപനം നിയന്ത്രിക്കുന്നത് അദ്ദേഹമായി. അമ്പത്തിമൂന്നാം വയസ്സിൽ ലോകത്തിലെ ഏറ്റവും വലിയ കോടീശ്വരനായി. പക്ഷേ ഇത്രയും ധനികനായിട്ടും അദ്ദേഹം അസന്തുഷ്ടനായിരുന്നു. കാരണം പണം അദ്ദേഹത്തെ ആ നിലയിലാക്കി.




ഒരിക്കൽ റോക്ക്ഫെല്ലർ നാല്പതിനായിരം ഡോളർ വിലവരുന്ന ധാന്യം കപ്പൽ കയറ്റി അയച്ചു. പക്ഷെ അദ്ദേഹം അതിന് ഇൻഷുറൻസ് എടുത്തില്ല. കാരണം ഇൻഷുറൻസ് പ്രീമിയമായി നൂറ്റമ്പത് ഡോളർ മുടക്കുന്നത് ഒരു നഷ്ടമായി അദ്ദേഹത്തിന് തോന്നിയിരുന്നു. പക്ഷേ അന്ന് ഒരു വലിയ കൊടുങ്കാറ്റും കോളിളക്കവും സമുദ്രത്തിലുണ്ടായതായി വാർത്ത വന്നു. ആ രാത്രി റോക്ക്ഫെല്ലറുടെ ബിസിനസ്സ് പാർട്ണറായ ജോർജ് ഗാർഡിനർ ഓഫീസിൽ വന്നപ്പോൾ കണ്ടത് കപ്പൽച്ചേതം മൂലം തന്റെ ധാന്യം നഷ്ടപ്പെട്ടുപോയാലെന്തുചെയ്യുമെന്നോർത്ത് പരിഭ്രാന്തനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന റോക്ക്ഫെല്ലറെയാണ്.

അതുകണ്ട് സഹതാപം തോന്നിയ ഗാർഡിനർ ഉടനെതന്നെ കയറ്റി അയച്ച ധാന്യത്തിന് എങ്ങനെയെങ്കിലും ഒരു ഇൻഷുറൻസ് സംഘടിപ്പിക്കാനായി ഇൻഷുറൻസ് ഓഫീസിലേയ്ക്ക് ധൃതിവച്ചുപോയി. ഒരു വിധത്തിൽ ഇൻഷുറൻസ് സംഘടിപ്പിച്ച് നൂറ്റമ്പത് ഡോളർ പ്രീമിയവുമടച്ച് തിരികെ ഓഫീസിൽ വന്ന ഗാർഡിനർ കണ്ടത് റോക്ക്ഫെല്ലർ കൂടുതൽ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതാണ്. കാരണം സമുദ്രത്തിലെ കോൾ അടങ്ങിയെന്നും കപ്പൽ ശാന്തമായി യാത്ര തുടരുന്നെന്നും ഒരു സന്ദേശം ഇതിനകം റോക്ക്ഫെല്ലർക്ക് കിട്ടിയിരുന്നു. അതുകൊണ്ട് ഗാർഡിനർ അടച്ച നൂറ്റമ്പത് ഡോളർ വൃഥാവിലായിപ്പോയല്ലോ എന്നോർത്താണ് റോക്ക്ഫെല്ലർ ഇക്കുറി കൂടുതൽ അസ്വസ്ഥതയോടെ ഓഫീസ് മുറിയുടെ ദൂരം അങ്ങോട്ടും ഇങ്ങോട്ടും നടന്നുതീർത്തുകൊണ്ടിരുന്നത്!

ഈ പണസ്നഹവും പണം നഷ്ടപ്പെടുമോ എന്ന പരിഭ്രാന്തിയും അദ്ദേഹത്തെ അമ്പത്തിമൂന്നാം വയസ്സിൽ രോഗിയാക്കിത്തീർത്തു. ഒരു വർഷം പോലും ജീവിച്ചിരിക്കുകയില്ല എന്ന സ്ഥിതിയിലായി. പണത്തെക്കുറിച്ചുള്ള ആകുലചിന്ത അദ്ദേഹത്തെ ഏറെക്കുറെ നശിപ്പിച്ചു എന്നുതന്നെ പറയാം. അപ്പോഴാണ് ഈ അസന്തുഷ്ടനായ മനുഷ്യൻ പണത്തിന്റെ വിനാശകരമായ ശക്തിയെക്കുറിച്ച് ബോധവാനായത്. അദ്ദേഹം എങ്ങനെയും ഈ പണത്തിന്റെ പിടിയിൽനിന്ന് വിമോചിതനാകാനാഗ്രഹിച്ചു. കൂടുതൽ ഡോളറുകൾ കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്നതിനു പകരം അദ്ദേഹം കൈയിലുള്ളവ വിട്ടുകളയാൻ തുടങ്ങി- ഒന്നും രണ്ടുമല്ല ദശലക്ഷക്കണക്കിന് ഡോളറുകൾ.

നേടുന്നതിൽ നിന്നു കൊടുക്കുന്നതിലേക്കുള്ള വ്യതിയാനം റോക്ക്ഫെല്ലറുടെ ജീവിതത്തിൽ അത്ഭുതം തന്നെ സൃഷ്ടിച്ചു. സ്വയാന്വേഷണമനോഭാവം മറ്റുള്ളവരെ അന്വേഷിക്കുന്ന മനോഭാവത്തിന് വഴിമാറിയപ്പോൾ അദ്ദേഹം സന്തുഷ്ടനും ആരോഗ്യവാനുമായിത്തീർന്നു. സ്വയജീവനെ നഷ്ടപ്പെടുത്തിയപ്പോൾ അദ്ദേഹം അതിനെ നേടി. തൊണ്ണൂറ്റെട്ടുവയസ്സെന്ന പൂർണ്ണായുസ്സോളം അദ്ദേഹം ഭൂമിയിൽ സന്തോഷവാനായി ജീവിച്ചു. "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും" എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞത് (ലൂക്കോസ് 6:38).

# രക്ഷപ്പെടാൻ 3 ചോദ്യങ്ങൾ



ഗ്രീക്ക് തത്ത്വചിന്തകനായ സോക്രട്ടീസിന്റെ അടുത്ത് അദ്ദേഹത്തിന്റെ സുഹൃത്തിനെക്കുറിച്ച് 'ഗോസിപ്പ് പറയാൻ ഒരാൾ വന്നു. വിഷയം അവതരിപ്പിക്കുന്നതിനു മുൻപേ മൂന്നു ചോദ്യങ്ങൾ സോക്രട്ടീസ് അയാളോടു തിരിച്ചുചോദിച്ചു. "ഈ പറയാൻ പോകുന്നത് സത്യമാണെന്ന് തനിക്കുറപ്പുണ്ടോ?"

'നിങ്ങൾ പറയാൻ പോകുന്ന കാര്യം നല്ലതാണോ?'

പറയാൻ ഉദ്ദേശിക്കുന്ന കാര്യം വല്ല പ്രയോജനവുമുള്ളതാണോ? മൂന്നിനും ഇല്ല എന്നായിരുന്നു അയാളുടെ മറുപടി. സത്യമാണന്ന് ഉറപ്പില്ലാത്ത, നല്ലതല്ലാത്ത, ഒട്ടും പ്രയോജനംചെയ്യാത്ത കാര്യം എന്നോടു പറയണ്ട എന്നു പറഞ്ഞ് സോക്രട്ടീസ് അയാളെ മടക്കി. നമുക്ക് ചുറ്റും ശ്രദ്ധിച്ചാൽ എന്തുമാത്രം നെഗറ്റിവിറ്റിയാണുള്ളതെന്നു മനസിലാക്കാം. അങ്ങോട്ടുമിങ്ങോട്ടും പഴിചാരിയും പാര പണിതും ഓരോ ദിവസവും നീങ്ങുന്നു.

പല കുടുംബവഴക്കുകളുടെയും മൂലകാരണം തെറ്റിദ്ധാരണകളും ഏഷണിയും ഗോസിപ്പുംതന്നെ. ഫോൺ നോക്കിയാൽ സോഷ്യൽ മീഡിയായിൽ വാക്പോരും തെറിവിളിയും. സദാ നെഗറ്റീവ് അന്തീക്ഷത്തിൽ ജീവിക്കുന്ന ഒരാൾക്ക് നെഗറ്റിവിറ്റി താനേ കടന്നുവരും. ഇതിൽനിന്നു രക്ഷപ്പെടാൻ മുകളിൽ പറഞ്ഞ മൂന്നു ചോദ്യങ്ങൾ സ്വയം ചോദിച്ചുകൊണ്ടിരിക്കുന്നത് നന്നായിരിക്കും.

അല്ലെങ്കിലും സത്യമല്ലാത്ത, പ്രയോജനമില്ലാത്ത ഒരു ചീത്ത കാര്യം പറഞ്ഞുനടന്ന്/കേട്ട് അവനവന്റെ മനഃസമാധാനം തുലയ്ക്കരുത്.

# തങ്കുവും ദൈവവും

തങ്കു കടലിൽ മുങ്ങി താഴുകയായിരുന്നു.

തങ്കു ഉറക്കെ ദൈവത്തെ വിളിച്ചു.

ദൈവമേ, എന്നെ രക്ഷിച്ചാൽ ഞാൻ പാവപ്പെട്ട 100 പേർക്കു ബിരിയാണി വാങ്ങിക്കൊടുക്കാം. അപ്പൊ വലിയ ഒരു തിരമാല അടിച്ചു. തങ്കു




കരയിലേക്കു തെറിച്ചുവീണു. തങ്കു എഴുന്നേറ്റുനിന്നു അഹങ്കാരത്തോടെ ആകാശത്തേക്കു നോക്കി പറഞ്ഞു: 'ഹും! എന്തു ബിരിയാണി!'

അപ്പോ വലിയൊരു തിരമാല അടിച്ചു. തങ്കു വീണ്ടും മുങ്ങി താഴാൻ തുടങ്ങി. ദൈവത്തെ വിളിച്ചു. 'ദൈവമേ! എന്തു ബിരിയാണി എന്നു ചോദിച്ചതു ചിക്കനാണോ മട്ടനാണോ എന്നാ ചോദിച്ചേ'



## ഡയലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ സ്വർഗ്ഗീയ വാദികൾ വർഗ്ഗീയ വാദികളാകുന്നതെപ്പോഴാണ്?

ലീലാമ്മ പാപ്പച്ചൻ, കിഴക്കൻ മുത്തൂർ, കുറ്റപ്പുഴ, തിരുവല്ല

☹ ***സ്വർഗ്ഗം കിട്ടാൻ നാട്ടിൽ നരകം സൃഷ്ടിക്കുമ്പോൾ***

☺ ലോകം അറിയപ്പെടുന്ന ദൈവദാസന്മാരെ മരണത്തിന്റെ വ്യാപാരികൾ എന്നു വിളിച്ചവർ മാപ്പർഹിക്കുന്നില്ല?

മോനമ്മ സൈമൺ, പന്നയോട്, കാട്ടാക്കട, തിരുവനന്തപുരം

☹ ***കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത അപ്രാപ്യമായ സ്വർഗ്ഗത്തെ വ്യാപാരം ചെയ്ത് ജനത്തെ വഞ്ചിച്ച് സമ്പന്നരായ മരണത്തിന്റെ വ്യാപാരികൾ മാപ്പർഹിക്കുന്നില്ല.***

☺ എല്ലാവരും ഓടിനടന്ന് പ്രസംഗിച്ചും പ്രവചിച്ചും പണമുണ്ടാക്കുന്നു. സത്യത്തിൽ ഇത് ആത്മീയമോ ഭൗതീകമോ?

ഷേർളി വർഗ്ഗീസ്, മേപ്രാത്ത്, ഇട്ടിയപ്പാറ

☹ ***ഇതാണ് ശരിക്കും പ്രായോഗിക വൈരുദ്ധ്യാത്മക ഭൗതികം.***

☺ ഉപവാസമഹാമഹം നടത്തുന്ന കൃപാവരപ്രാപ്തർ ഉപവാസത്തിനിടയ്ക്ക് ഉറക്കം തൂങ്ങുന്നതിനു കാരണം?

സി.വി.ജോൺ, മരങ്ങാട്ടുപള്ളി, കോട്ടയം

☹ ***വയറുനിറച്ച് വല്ലതും കഴിച്ചാൽ പിന്നെ ഉറങ്ങുന്നത് ഒരു ശീലമാ.***

☺ എല്ലാം ശരിയാക്കാം എന്നു പറഞ്ഞിട്ട് ഇപ്പോൾ എന്തായി?

ജോൺസൺ പെരുമറ്റത്ത്, കണ്ടച്ചിറ, കോട്ടിയം.

☹ ***അവർ എല്ലാവരേയും ശരിയാക്കിക്കൊണ്ടിരിക്കുകയാണ്.***

☺ ഉപ്പു തിന്നാൽ ബുദ്ധി കുറയും. നെല്ലിക്കാ തിന്നാൽ ബുദ്ധി കൂടും. അപ്പോൾ ഉപ്പിലിട്ട നെല്ലിക്കാ തിന്നാലോ?

എൽസി കുര്യൻ, വളമങ്കലം, തുറവൂർ

☹ ***ബുദ്ധിമുട്ടാകും***

☺ ഹോട്ടലിൽ നിന്ന് ഫ്രിഡ്ജും ഫ്രീസറും ഒഴിവാക്കിയാൽ ഭക്ഷ്യവിഷബാധ പരിഹരിക്കരുതോ?

റെജി ജോൺ, മണക്കാല, അടൂർ

☹ ***നമ്മൾ ഹോട്ടൽ ഭക്ഷണം ഒഴിവാക്കിയാൽ പോരെ***

☺ വചനത്തെ പലരും തങ്ങൾക്ക് ബോധിച്ച കോണിലൂടെ വീക്ഷിക്കുന്നതിനു കാരണം?

ഷിനു മാനുവേൽ, മല്ലശ്ശേരി, തെങ്ങിൽ, പത്തനംതിട്ട

☹ ***അവർക്ക് ലാഭമുള്ള കോണിലൂടല്ലേ വീക്ഷിക്കാൻ പറ്റൂ.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally